# താമരമൊട്ടുകൾ

വാല്യം 27 | ജൂലൈ 2025 | ലക്കം 07 | Price ₹20




അൽഫോൻസാമ്മേ പ്രാർത്ഥിക്കണെ;
സ്വർഗ്ഗ സുമങ്ങൾ പൊഴിക്കണമേ.

**താമരശ്ശേരി രൂപതാ ബുള്ളറ്റിൻ**

# Bishop’s Programme


## July 2025


| | | |
|---|---|---|
| 01 - 02 | | Bangalore |
| 03 | 11.00 | Bathery |
| | 16.30 | Kallurutty |
| 04 | | Prayer Day |
| 05 | 10.00 | Vettilappara |
| | 17.30 | Balussery |
| 06 | 07.00 | Balussery |
| | 16.30 | Amalapuri |
| | 19.00 | Bethania |
| 06 - 10 | | Bethania |
| 11 | 06.30 | PMOC |
| 12 | 10.30 | Thiruvambady |
| | 16.00 | Paroppady |
| 13 | 07.00 | Paroppady |
| 14 | 06.30 | Karuvarakundu |
| | 18.00 | Oorakam |
| 15 | 09.30 | Thamarassery |
| | 18.00 | Paloorkotta |
| 16 | 06.15 | Thamarassery |
| | 10.00 | PMOC |
| | 18.00 | Pathippara |
| 17 | 10.30 | Pullurampara |
| 18 | | Office Day |
| 19 | 10.30 | Thamarassery |
| | 16.00 | Parathode |
| 20 | 07.00 | Thekkumkutty |
| 21 | 06.30 | Engapuzha |
| | 10.00 | Kodanchery |
| | 18.00 | Erude |
| 22 | 11.30 | Bharananganam |
| 23 | 18.00 | Passukkadavu |
| 24 | 10.00 | Thamarassery |
| 25 | | Prayer Day |
| 26 | 07.00 | Panamplavu |
| 27 | 07.00 | Koomamkulam |
| | 19.00 | Thamarassery |
| 28 | 06.30 | Thamarassery |
| 29 | 18.00 | Pathirikode |
| 30 | | Office Day |
| 31 | 10.30 | Thiruvamabdy |
| | 18.00 | Kakkayam |

വാല്യം 27 താമരമൊട്ടുകൾ ജൂലൈ 2025 ലക്കം 07

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




ജൂലൈ 26-ാം തിയ്യതി ജന്മദിനം ആഘോഷിക്കുന്ന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാസമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ...

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 443 |
| 2. | പ്രോഗ്രാം ജൂലൈ 2025 | 446 |
| 3. | ഇടയലേഖനം – സഭാദിനം | 447 |
| 4. | സർക്കുലർ – പരിഷ്കരിച്ച ബൈബിൾ | 452 |
| 5. | സർക്കുലർ – യുവജനദിനം | 454 |
| 6 | സർക്കുലർ – അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധദിനാചരണം | 458 |
| 7. | 59–ാമത് ലോക സാമൂഹ്യസമ്പർക്ക ദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം | 461 |
| 8. | കച്ചേരിക്കാര്യം | 467 |
| 9. | സ്മരണാഞ്ജലി | 470 |
| 10. | ആദരാഞ്ജലി | 471 |
| 11. | റൂബിജൂബിലി കർമ്മപദ്ധതികൾ | 472 |
| 12. | ഡിജിറ്റലൈസേഷൻ | 473 |
| 13. | എയഡർ എഡ്യൂക്കേഷൻ | 475 |
| 14. | ഫാമിലി അപ്പോസ്തോലേറ്റ് | 477 |
| 15. | വിശ്വാസപരിശീലനം | 477 |
| 16. | മദ്ബഹ ശുശ്രൂഷാസംഘം (SMART) | 482 |
| 17. | കരുണാഭവൻ – പി.എം.ഒ.സി | 483 |
| 18. | സെമിനാരി വാർത്തകൾ | 484 |
| 19. | ചെറുപുഷ്പ മിഷൻലീഗ് – തിരുബാലസഖ്യം | 484 |
| 20 | കരിസ്മാറ്റിക് മൂവ്മെന്റ് | 488 |
| 21. | കെസിവൈഎം – എസ്എംവൈഎം | 489 |
| 22 | സ്റ്റാർട്ട് | 491 |
| 23. | ബഥാനിയ ധ്യാനകേന്ദ്രം | 493 |
| 24. | വികസനവേദി | 495 |
| 25. | ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS) | 497 |
| 26 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ എത്തിക്സ് (IFAE) | 499 |
| 27. | യേശുനിധി | 500 |
| 28. | അജപാലനക്കുറിപ്പുകൾ | 501 |

# BIRTH DAY *Greetings*

Rev. Fathers

| | | | |
|---|---|---|---|
| | Iykolambil Kuriakose | July | 7 |
| | Mundakkal Chacko | | 9 |
| | Vayalil Abraham | | 8 |
| | Pallickavayalil John | | 12 |
| | Ezhanikattu Vincent | | 13 |
| | Pulickal Sebastian | | 14 |
| | Kuroor Emmanuael | | 16 |
| | Kavilpurayidathil Abraham | | 17 |
| | Njavallil Jose | | 17 |
| | Kizhakeveettil Jacob | | 19 |
| | Cherusseril Kurian | | 21 |
| | Puramadathil Kurian | | 23 |
| | Choorapoikayil Mathew | | 24 |
| Bp. | Remigiose Inchananiyil | | 26 |
| Rev. Fathers | Embrayil Sebastian (Jr) | | 28 |
| | Moolechalil Varghese | | 29 |
| | Kadaplackal Thomas | | 31 |
| | Mangalamadathil Mathew | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings




Rev. Fathers

| | | |
|---|---|---|
| Chakkittamuriyil Thomas (Sr) | July | 3 |
| Chakkittamuriyil Thomas (Jr) | | 3 |
| Chuvappunkal Thomas | | 3 |
| Chilambikunnel Thomas | | 3 |
| Eyyalil Thomas | | 3 |
| Kadaplackal Thomas | | 3 |
| Kalarickal Thomas | | 3 |
| Kalapurackal Thomas | | 3 |
| Kochukaipayil Thomas | | 3 |
| Kochumuriyil Thomas | | 3 |
| Kannampally Thomas | | 3 |
| Kudiyirickal Thomas | | 3 |
| Malapravanal Thomas | | 3 |
| Nagaparambil Thomas | | 3 |
| Parankulangara Thomas | | 3 |
| Poriyath Thomas | | 3 |
| Pulayamparambil Thomas | | 3 |
| Puthiyaparambil Thomas | | 3 |
| Thevadiyil Thomas | | 3 |
| Vattottutharappel Thomas | | 3 |

# Feast Day Greetings

Rev. Fathers

| | |
|---|---|
| Chennamkulath Benedict | July 11 |
| Chemplani Kuriakose | 15 |
| Cherusseril Kurian | 15 |
| Iykolambil Kuriakose | 15 |
| Nanjilathu Kuriakose Thomas | 15 |
| Pulickal Sibi Kurian | 15 |
| Puramadathil Kurian | 15 |
| Thalachirakuzhy Kurian | 15 |
| Thannickal Kurian | 15 |
| Thayyil Kurian | 15 |
| Veliyath Kurian | 15 |
| Panachickal Alex | 17 |
| Areethara Jacob | 25 |
| Cherickal James | 25 |
| Kappalumackal Jacob | 25 |
| Karakunnel Jacob | 25 |
| Kiliyananickal James | 25 |
| Kizhakeveettil Jacob | 25 |
| Kothanickal Chacko | 25 |
| Koothur Jacob | 25 |
| Koyipurath Jacob | 25 |
| Kuzhimattathil James | 25 |
| Mundackal Chacko | 25 |
| Plakkoottathil Jacob | 25 |
| Pulthakidiyil James | 25 |
| Puthenpurackal Jacob | 25 |
| Thittayil Jacob | 25 |
| Vallikunnel James | 25 |
| Vamattathil James | 25 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജൂലൈ 2025

| | | |
|---|---|---|
| 03 | വ്യാഴം | **ദുക്റാന** – കടമുള്ള ദിവസം |
| 06 | ഞായർ | വൈദികരുടെ വാർഷിക ധ്യാനം (6–11) |
| 16 | ബുധൻ | **കർമ്മലമാതാവ്** |
| 18 | വെള്ളി | **ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം (2010)** |
| 22 | ചൊവ്വ | വി. മഗ്ദലേന മറിയം |
| 23 | ബുധൻ | **ചരമദിനം: ഫാ. ജോർജ് കഴിക്കച്ചാലിൽ (2019)** |
| 25 | വെള്ളി | വി. യാക്കോബ് ശ്ലീഹാ |
| 26 | ശനി | **ജന്മദിനം – മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| | | വി. യോവാക്കിമും വി. അന്നായും |
| 27 | ഞായർ | **ചരമദിനം: ഫാ. മാത്യു പൊയ്യക്കര (2008)** |
| | | പന്ത്രണ്ട് ശ്ലീഹന്മാരുടെ തിരുനാൾ |
| 28 | തിങ്കൾ | **വി. അൽഫോൻസാമ്മയുടെ തിരുനാൾ,** |
| | | **രൂപത മധ്യസ്ഥ** |
| 29 | ചൊവ്വ | **ചരമദിനം:ഫാ. മാത്യു ഓണയാത്തൻകുഴി (2024)** |
| | | വി. മർത്താ |
| 30 | ബുധൻ | **ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ (2012)** |
| 31 | വ്യാഴം | വി. ഇഗ്നേഷ്യസ് ലയോള |

Prot. No. 0482-2025

**ഇടയലേഖനം**

# ദുക്റാനതിരുനാൾ
# സഭാദിനം - 2025

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

*കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണദിവസമായ ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ ദുക്റാന തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർസഭയുടെ മക്കളായ നമുക്കു ഈ ഓർമത്തിരുനാളും സഭാദിനവും കൃതജ്ഞതാപ്രകാശനത്തിനും ആത്മപരിശോധനയ്ക്കും ദൗത്യനവീകരണത്തിനുമുള്ള അവസരമാണ്.

മാർ തോമാശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ടു, വിശ്വാസത്തിനു സാക്ഷ്യം നല്കുന്ന ക്രൈസ്തവജീവിതശൈലിക്ക് സമകാലികസമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽനിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം തോമാശ്ലീഹാ നല്കിയതു ഹൃദയത്തിൽനിന്നുള്ള സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസപ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ പുനരുത്ഥാനസത്യത്തെ ഹൃദയംനിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോരുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാന അർഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും സഹി

ച്ചെങ്കിൽ മാത്രമേ ഉത്ഥിതന്റെ മഹത്വാനുഭവം സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ. ഉത്ഥാനംചെയ്ത ഈശോയുടെ മഹത്വീകൃതമായ ശരീരത്തിൽ തോമാശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസ പ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നല്കട്ടെ.

ജൂലൈ മൂന്നാം തീയതി സീറോമലബാർ സഭാദിനം വർഷങ്ങളായി നമ്മൾ ആചരിച്ചുവരികയാണല്ലോ. നമ്മുടെ സഭയ്ക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കൾ എല്ലാവരുടെയും പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി സീറോമലബാർസഭ വളർന്നിരിക്കുന്നത്. കേരളത്തിൽനിന്നു ഭാരതംമുഴുവനിലേക്കും ഭാരതത്തിന്റെ അതിർത്തികളിൽനിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ് നമ്മുടെ അജപാലനമേഖലകൾ. ലോകത്തിന്റെ എല്ലാഭാഗങ്ങളിലുംതന്നെ സീറോമലബാർ സഭയിലെ വൈദികരും സിസ്റ്റേഴ്സും അല്മായസഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയുംകുറിച്ചും നമ്മെ ഓർമപ്പെടുത്തുന്നു. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം' (1 കോറി 9:16) എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻപ്രദേശങ്ങളിലേയ്ക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമം ചെയ്യാനും സാധ്യതകളില്ലാത്ത ഇടങ്ങളിലേയ്ക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിതസഹോദരങ്ങളും അല്മായ മിഷൻസംവിധാനങ്ങളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരിമാസത്തിലെ സിനഡുസമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ച് നമ്മുടെ സഭയിൽ കഴിഞ്ഞവർഷം 283 വൈദികവിദ്യാർഥികൾ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലുമായി തിരുപ്പട്ടം സ്വീകരിച്ചു. സീറോമലബാർസഭയിലെ പുരുഷന്മാർക്കായുള്ള സമർപ്പിതസമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനം നടത്തിയപ്പോൾ 145 പേർ നിത്യവ്രതവാഗ്ദാനം നടത്തി. സ്ത്രീകളുടെ സമർപ്പിത സമൂഹങ്ങളിൽ 272 പേർ സമർപ്പിതവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തുകയും 338 പേർ നിത്യവ്രതംചെയ്യു

കയുംചെയ്തു. മറ്റ് വ്യക്തിസഭകളിലും അവിടെയുള്ള സമർപ്പിതസമൂഹങ്ങളിലുംചേർന്ന് വൈദികപട്ടം സ്വീകരിക്കുകയും വ്രതവാഗ്ദാനംചെയ്യുകയും ചെയ്ത സീറോമലബാർ സഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്. ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവയ്ക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നല്കികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദിപറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണിനേരിട്ടുകൊണ്ട് ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർഥിക്കുന്നതിനുവേണ്ടിയാണ്. വൈദിക സമർപ്പിത ദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചുവളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21നു കാലംചെയ്തത്. ഏപ്രിൽ 26 നു പരിശുദ്ധ പിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പയെ കബറടക്കിയിരിക്കുന്ന മേരി മേജർ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കന്മാരോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർസഭയെ സ്നേഹിച്ച ഒരു മാർപാപ്പയാണ് കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനധികാരം നല്കിയതും ഗൾഫുരാജ്യങ്ങളിൽ നമ്മുടേതായ അജപാലന സംവിധാനം രൂപപ്പെടുത്താനുള്ള നടപടികൾ ദ്രുതഗതിലാക്കിയതും നമ്മുടെ സഭാമക്കളുടെ ആത്മീയ ആവശ്യത്തിനായി റോമിലെ സാന്താ അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നല്കിയതും ഫ്രാൻസിസ് മാർപാപ്പയാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽ സംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ചുനടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമയ്ക്കുമുൻപിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർഥിക്കാം.

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന സമ്മാനമാണ് പുതിയ മാർപാപ്പ ലെയോ പതിനാലാമൻ. പാപ്പാസ്ഥാനം എറ്റെടുത്ത ദിനങ്ങളിൽത്തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളസഭയോടുമുള്ള സംവേദനങ്ങളും വഴി മാർപാപ്പ ലോകശ്രദ്ധ ആഘർഷിച്ചുകഴിഞ്ഞു. പൗരസ്ത്യസഭകളെസംബന്ധിച്ചു ഏറെ സുപ്രധാനമായ ഒരു ഇടപെടൽ മാർപാപ്പ

നടത്തിയത് 2025 മെയ് 14ന് ആണ്. അന്ന് പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധ പിതാവിന്റെ അജപാലന സമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു. പൗരസ്ത്യസഭകൾ കത്തോലിക്കാസഭാകൂട്ടായ്മയുടെ വിലപ്പെട്ട ഘടകങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബന്ധത കാണിക്കണമെന്നും ആരാധനക്രമ സഭാശാസ്ത്ര വൈവിധ്യങ്ങൾ എല്ലാവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണമെന്നുള്ള മാർപാപ്പയുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മയ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയ്ക്കിടയിൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം ലഭിച്ചു. പൗരസ്ത്യപാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തി ആഗോളസഭയിൽ സജീവസാന്നിധ്യമായി മുന്നോട്ടുപോകാനുള്ള അവസരമാണ് മാർതോമാശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവു പറഞ്ഞതുപോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യം നല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യസഭയെന്ന നിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധ പിതാവ് ലെയോ പതിനാലാമനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർഥിക്കാം.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽനിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ആത്മീയജീവിതത്തിലും സഭാത്മകജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനമാണ് 2024 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ച 'അവൻ നമ്മെ സ്നേഹിച്ചു' *(Dilexit Nos)* എന്ന ചാക്രികലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതംനയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസ്സംഗതയും അനാ

സ്ഥയും ഉപരിപ്ലവതയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്. സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടത് നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽ നിന്നാണ്. വ്യത്യസ്ത ചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പിക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിന് ഇടയാകും (നമ്പർ 28). ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും സ്നേഹിക്കാൻ പഠിക്കുന്നതും (നമ്പർ 30). അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കം കുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവച്ച് ഈശോയുടെ ഹൃദയവുമായി ബന്ധം സ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാ മറിയത്തിന്റെയും മാർ യൗസേപ്പു പിതാവിന്റെയും മാർ തോമാശ്ലീഹാ യുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തന ങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**✠ മാർ റാഫേൽ തട്ടിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

*ഈ ഇടയലേഖനം 2025 ജൂൺ 29-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.*

# പരിഷ്‌ക്കരിച്ച പി.ഒ.സി. ബൈബിൾ വിശ്വാസി സമൂഹത്തിന്റെ ഉപയോഗത്തിനായി സമർപ്പിക്കുന്ന വേളയിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2008-ൽ ആരംഭിച്ച്, നീണ്ട 16 വർഷത്തെ പരിശ്രമഫലമായുള്ള പരിഷ്ക്കരിച്ച പിഒസി ബൈബിൾ (Revised POC Bible) സഭയ്ക്ക് സമർപ്പിക്കുമ്പോൾ, കേരളസഭയ്ക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിക്കും പിഒസിക്കും കെസിബിസി ബൈബിൾ കമ്മീഷനും ഇത് അഭിമാനത്തിന്റെ ചരിത്രമുഹൂർത്തമാണ്. കെസിബിസി ബൈബിൾ കമ്മീഷൻ മലയാളത്തിലേക്ക് വിവർത്തനംചെയ്ത്, പിഒസി ആദ്യമായി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചത് 1981-ലാണ്. ഭാഷാലാളിത്യത്താലും വായനക്ഷമതയാലും പരക്കെ ജനകീയത നേടിയ പിഒസി ബൈബിൾ, കഴിഞ്ഞ നാല്പതിൽപരം വർഷങ്ങളായി വായിക്കാനും പഠിക്കാനും ധ്യാനിക്കാനും അനേകം പേർ താത്പര്യപൂർവം ഉപയോഗിച്ചുവരുന്നു.

വിശുദ്ധഗ്രന്ഥത്തിന്റെ മൂലരൂപത്തോടു വിശ്വസ്തത പുലർത്തുന്നതും പ്രമാദരഹിതവുമായ വിവർത്തനങ്ങൾ ദൈവജനത്തിനു ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (ദൈവ വചനം J. 22) നിർദേശിക്കുന്നു. 2010-ൽ ബനഡിക്ട് പതിനാറാമൻ പാപ്പാ പുറത്തിറക്കിയ, “കർത്താവിന്റെ വചനം” (*Verbum Domini*) എന്ന സിനഡനന്തര അപ്പസ്തോലിക ആഹ്വാനവും ബൈബിൾ പരിഭാഷ നടത്തുന്നതിന്റെയും ബൈബിൾ സംബന്ധ പഠനങ്ങളുടെ പുരോഗതി അനുസരിച്ച് പരിഭാഷകൾ പരിഷ്ക്കരിക്കുന്നതിന്റെയും പ്രാധാന്യം ഊന്നിപറയുന്നു (J.115 കാണുക). ഈ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് സമീപകാലങ്ങളിൽ ആധുനിക ഭാഷകളിലെ ബൈബിൾ വിവർത്തനങ്ങൾ പരിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ഇതിനോടകം പരിഷ്ക്കരിച്ച പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 2008-ൽ ആരംഭിച്ച പിഒസി ബൈബിളിന്റെ പരിഷ്ക്കരണം വിവിധഘട്ടങ്ങളിലൂടെ കടന്നുപോയി 2024-ൽ പൂർത്തീകരിക്കപ്പെട്ടു. ബൈബിൾ പരിഷ്ക്കരണപ്രക്രിയയിൽ പ്രവർത്തിച്ച ബൈബിൾ പണ്ഡിതർക്കും ഭാഷാ സംശോധന നടത്തിയവർക്കും സഹായികളായിരുന്ന മറ്റെല്ലാവർക്കും അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ വർഷത്തിൽ പരിഷ്ക്കരിച്ച പതിപ്പിന്റെ വിപുലമായ പ്രസിദ്ധീകരണവും പ്രചാരണവും സാധ്യമാകുമ്പോൾ നിലവിലുള്ള പിഒസി ബൈബിളിനെക്കുറിച്ചും

പരിഷ്ക്കരിച്ച പിഒസി ബൈബിളിനെ സംബന്ധിച്ചും വിശ്വാസികൾക്കുള്ള രണ്ടു നിർദേശങ്ങൾ നല്കുന്നു.

1. പരിഷ്ക്കരിച്ച പതിപ്പിന്റെ പ്രസിദ്ധീകരണത്തോടെ നിലവിലുള്ള പിഒസി ബൈബിളിന്റെ സാധുത ഇല്ലാതാകുന്നില്ല. വായിക്കാനും പഠിക്കാനും ധ്യാനിക്കാനും നിലവിലുള്ള പിഒസി ബൈബിളിന്റെ ഉപയോഗം തുടരാവുന്നതാണ്.
2. പരിഷ്ക്കരിച്ച പിഒസി ബൈബിൾ, മൂലഗ്രന്ഥങ്ങളോട് കൃത്യത പുലർത്തിക്കൊണ്ട് പഠിതാക്കൾക്കും സാധാരണക്കാർക്കും ഉപയുക്തമാകുന്ന പരിഷ്ക്കരണമാണ് കെസിബിസി ബൈബിൾ കമ്മീഷൻ ലക്ഷ്യമിട്ടത്. അതിനാൽ ഗവേഷണപരമായ പഠന ങ്ങൾക്ക് പരിഷ്ക്കരിച്ച പിഒസി ബൈബിൾ കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളസഭയിലും പൊതുസമൂഹത്തിലും ദൈവവചനശോഭ പകർന്നുകൊടുക്കുന്നതിന് പിഒസി ബൈബിളിന്റെ വിവിധ പതിപ്പുകൾക്കാകട്ടെ എന്നാശംസിച്ചുകൊണ്ട്,

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**

ചെയർമാൻ, കെസിബിസി-ബൈബിൾ കമ്മീഷൻ

---

*2025 ജൂൺ 29 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## ജൂലൈ 6 യുവജനദിനം: കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

# മഹാജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

കർത്താവിൽ പ്രിയ യുവജനങ്ങളേ,

മുൻവർഷങ്ങളിൽ നാം അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ മൂന്നിന് ശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ ആറിന് കേരള കത്തോലിക്കാ സഭ ഈ വർഷം യുവജനദിനമായി ആചരിക്കുമ്പോൾ രണ്ടു സവിശേഷത കൾകൂടിയുണ്ട്. ഒന്നാമതായി, ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച മഹാജൂബിലി വർഷത്തിലെ യുവജനദിനാഘോഷം എന്നതും മറ്റൊന്ന്, നമുക്ക് ലഭിച്ചിരിക്കുന്ന ദിനമായ ജൂലൈ 6 ശുദ്ധതയുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മരിയ ഗൊരേത്തിയുടെ തിരുനാൾദിനം കൂടിയാണെന്നുള്ളതും. ജൂബിലിവർഷം 2025 ആചരണത്തോ ടൊപ്പം സമാഗതമായിരിക്കുന്ന യുവജനദിനവുമായി ബന്ധപ്പെട്ട് യുവജനങ്ങളായ ഏവർക്കും തിരുസഭ വളരെ പ്രത്യേക മായ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. യുവജനദിനാചരണത്തോടൊപ്പം, ജൂബിലി വർഷത്തോട നുബന്ധിച്ചുള്ള കർമ്മപരിപാടികൾ ഇടവകാ-സംഘടനാ തലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ യുവജന കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കലുമുണ്ടാ യിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും വിശിഷ്യാ കേരളസമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ, മഹാജൂബിലി വർഷാചരണത്തോടും യുവജന ദിനാഘോഷത്തോടും അനുബന്ധിച്ച് നാം പ്രത്യേകമായി വിചിന്തന വിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തി ക്കേണ്ടതുമായ ചില പ്രധാന വിഷയങ്ങൾ സ്നേഹപൂർവ്വം നിങ്ങളോട് പങ്കുവയ്ക്കാൻ ഈ ഘട്ടത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

### പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

2025 ജൂബിലി വർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ച ആപ്തവാക്യമാണല്ലോ 'പ്രത്യാശയുടെ തീർത്ഥാടകർ'. ആത്മീയമായും ഭൗതികമായും പ്രത്യാശാപൂർണ്ണമായ ജീവിത ശൈലിയിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ മുന്നൊരു ക്കവും നവീകരണവുമാണ് ഈ കാലഘട്ടത്തിൽ തിരുസഭ നാമേവരിൽ നിന്നും ആവശ്യപ്പെടുന്നത്. യുവജനങ്ങളുടെ ആത്മീയശാക്തീ കരണത്തിനും പക്വമായ ഭൗതിക സമുദ്ധാരണ ത്തിനും ഏറ്റവുമധികം പ്രവർത്തിക്കുകയും ആഹ്വാനങ്ങൾ നൽകുകയും ചെയ്ത

ഫ്രാൻസിസ് പാപ്പയോടും പാപ്പയുടെ പിൻഗാമിയായി ദൈവം നൽകിയ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയോടും ചേർന്നുനിന്നുകൊണ്ട് ഈ വലിയ ലക്ഷ്യത്തിനായി നമുക്ക് പരിശ്രമിക്കാം.

## ക്രിസ്തു വിപ്ലവം, പ്രത്യാശയുടെ യുവത്വം

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ യൗവ്വന തീക്ഷ്ണതയാണ് സുവിശേഷങ്ങളിൽ ജ്വലിച്ചു നിൽക്കുന്നത്. ക്രിസ്തുവിലുണ്ടായിരുന്ന വിപ്ലവവീര്യവും അവിടുന്ന് പകർന്നു നൽകിയ പ്രത്യാശയുമാണ് ഈ കാലഘട്ട ത്തിലെ യുവജനങ്ങൾ അടുത്തു വീക്ഷിക്കുകയും മാതൃക യാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റി നിർത്താതിരുന്ന ക്രിസ്തുവിന്റെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചു കൊണ്ട് വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്. അവിടെ ആഴമുള്ള വിചിന്തനങ്ങളും ആത്മാർത്ഥവും പ്രത്യാശാപൂരിതവുമായ പരിശ്രമങ്ങളും സ്വർഗം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നു.

'ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവര ത്തിന്റെ സഹായത്തിൽ ആശ്രയിച്ചും, നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗ്ഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏത് സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവിക സുകൃതം' (CCC 1817).

## സാമൂഹിക പ്രതിസന്ധികളോടുള്ള പ്രതികരണം

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന സാമൂഹിക പ്രതിസന്ധി കൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനവും, നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ പ്രത്യയശാസ്ത്ര ങ്ങളും വേരാഴ്ത്തിക്കൊണ്ടിരിക്കുന്നത്, വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ-സാമ്പത്തിക പ്രതിസന്ധികൾ, രാഷ്ട്രീയവും വർഗീയവുമായ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അനേകം യുവജനങ്ങൾ ക്രൈസ്തവ വിശ്വാസത്തിൽ നിന്നും സഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വഴിയൊരുക്കുന്നു. വിശ്വാസ ജീവിതത്തിൽനിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളി ലേയ്ക്ക് അനേകരെ നയിക്കുന്നുണ്ട്. മാനസികവും സാമ്പത്തിക വുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടു കൊണ്ട് വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്നവരോട് പ്രത്യേകം കരുതലുള്ളവരാ യിരിക്കാൻ വ്യക്തിപരമായും സംഘടനാ പ്രവർത്തനങ്ങൾ വഴിയായും നമുക്ക് പരിശ്രമിക്കാം.

ഒപ്പം, മയക്കുമരുന്ന് മാഫിയകളും നിരീശ്വരവാദ പ്രസ്ഥാനങ്ങളും

സഭാവിരുദ്ധ ശക്തികളും കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ക്രിയാത്മക ഇടപെടലുകൾ ആവശ്യമുണ്ട്. ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള നവീകരണ പ്രവർത്തനങ്ങളിൽ ഇത്തരം പദ്ധതികൾക്ക് സംഘടനാതലങ്ങളിലും ഇടവകാതലത്തിലും കൂടിയ പരിഗണന നൽകാൻ ശ്രദ്ധിക്കുമല്ലോ.

### തൊഴിൽ മേഖലയും സംരംഭകത്വവും

ക്രൈസ്തവ യുവജനങ്ങൾ ഏറിയപങ്കും പ്രവാസ ജീവിതം തെരഞ്ഞെടുക്കുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. മികച്ച വിദ്യാഭ്യാസ, തൊഴിൽ, ജീവിത സാധ്യതകൾ തേടി വിദേശ രാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്നവരെ നിരുൽസാഹപ്പെടുത്താൻ കഴിയില്ലെങ്കിലും ജന്മനാട്ടിൽ ജീവിക്കാൻ തൽപ്പരരായ ചെറുതല്ലാത്ത ഒരു സമൂഹം യുവജനങ്ങളിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തരക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്ന വിധത്തിലുള്ള തൊഴിൽ-സംരംഭകത്വ സാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല. പ്രൊഫഷണലായി തൊഴിൽ സംരംഭകത്വ മേഖലകളെ സമീപിക്കാനുതകുന്ന ബോധ്യങ്ങൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പകർന്നു നൽകാൻ സംഘടനാ നേതൃത്വങ്ങൾക്ക് കൂടുതലായി സാധിക്കും.

### ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

നിർമ്മിതബുദ്ധി സംബന്ധിച്ച സഭാ പ്രബോധനങ്ങൾ യുവജനങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എഐ (AI) യുടെ അനന്തസാധ്യതകളെ, ധാർമ്മികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉത്തരവാദിത്തപൂർവ്വം സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധ സിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്ന ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. നിർമ്മിതബുദ്ധി സംബന്ധമായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും, അതേസമയം ധാർമ്മികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേക ശ്രദ്ധപുലർത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾക്കും പരിശീലന പദ്ധതികൾക്കും യുവജന സംഘടനകൾ നേതൃത്വം നൽകുന്നത് ഉചിതമാണ്.

### രാഷ്ട്രീയം

അത്യന്തം കലുഷിതവും ആശയക്കുഴപ്പങ്ങൾക്കിടയാക്കുന്നതുമായ രാഷ്ട്രീയ സാഹചര്യങ്ങളാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ സഭാത്മകതയും നേതൃപാടവവും ചിന്താശേഷിയുമുള്ള ക്രൈസ്തവ യുവനിര മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കുന്നത് ശരിയായ സമീപനമല്ല. അറിവും

കഴിവും കാര്യപ്രാപ്തിയുമുള്ള യുവതലമുറ മുഖ്യധാരാ രാഷ്ട്രീയത്തി ലേയ്ക്ക് കടന്നുവരികയാണ് ഇക്കാലഘട്ടത്തിൽ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പലവിധ പ്രതിസന്ധികളുടെയും പരിഹാര ത്തിന് ആവശ്യം. നേതൃഗുണമുള്ള യുവതീയുവാക്കളെ സഭാത്മ കമായി പരിശീലിപ്പിക്കാനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനു മുള്ള ദൗത്യത്തെ കത്തോലിക്കാ യുവജന സംഘടനകൾ ഗൗരവ മായെടുക്കണം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവ സമുദായ ത്തിന്റെയും ആവശ്യമെന്ന നിലയിൽ തങ്ങളുടെ നിയോഗം തിരിച്ച റിഞ്ഞ് മുന്നോട്ടുവരാൻ യോഗ്യരായവർ തയ്യാറാവുകയും വേണം.

ആത്മീയവും സഭാപരവും സാമൂഹികവുമായ വിവിധ മേഖലകൾ പരിഗണിച്ചുകൊണ്ട് അവരവരുടെ വിളിക്കനുസൃത മായ ജീവിത പന്ഥാവിലേയ്ക്ക് ഓരോരുത്തരും കടന്നുവരികയും ആത്മാർത്ഥതയോടെ ജീവിതത്തിൽ മുന്നേറുകയുമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അത്തരത്തിൽ ഈ ജൂബിലി വർഷ ത്തോടും യുവജന ദിനാചരണത്തോടും സഭാത്മകമായി നമുക്ക് പ്രത്യുത്തരിക്കാം.

ജൂബിലി വർഷത്തിന്റെ ചൈതന്യത്തോട് ചേർന്നുനിന്നു കൊണ്ട് ഇത്തവണത്തെ യുവജനദിനം സവിശേഷമായി ആചരിക്കാനുള്ള ആഹ്വാനം ജൂൺ 3, 4 ദിവസങ്ങളിൽ പിഒസി യിൽ ചേർന്ന കെസിബിസി വർഷകാല സമ്മേളനത്തിൽ പിതാക്കന്മാർ നൽകുകയുണ്ടായി. ജൂലൈ ആറാം തീയതിയിലെ സ്തോത്രക്കാഴ്ച കെസിബിസി യുവജന കമ്മീഷന്റെ പ്രവർത്ത നങ്ങൾക്കായി രൂപതാ-അതിരൂപതാ കാര്യാലയത്തിൽ ഏല്പ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജനദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർഥനാപൂർവം ആശംസിക്കുന്നു.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
വൈസ് ചെയർമാൻ, കെസിബിസി (യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
വൈസ് ചെയർമാൻ, കെസിബിസി (യുവജന കമ്മീഷൻ)

---

*2025 ജൂലൈ ആറാം തിയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സിറോ മലബാർ, ലാറ്റിൻ, സിറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

# ലഹരിയെന്ന വിപത്തിനെതിരെ കൈകോർക്കാം:

## ജൂൺ 26 – അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധ ദിനാചരണം

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഈ കാലഘട്ടത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായി ലഹരിവ്യാപനം മാറിയിരിക്കുകയാണല്ലോ. രാസലഹരിയുടെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും വ്യാപനം പ്രത്യക്ഷമായോ പരോക്ഷമായോ നാമേവരെയും ബാധിച്ചു കൊണ്ടിരിക്കുന്നു. വലിയൊരു വിഭാഗം യുവജനങ്ങൾ രാസ ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കിടയിൽവരെ മാരകമായ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പലയിടങ്ങളിലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ലഹരി മാഫിയയുടെ അദൃശ്യകരങ്ങൾ നമ്മുടെ പരിസരങ്ങളിലേയ്ക്കൊക്കെയും നീണ്ടിരിക്കുന്നു എന്നുള്ളത് ഭയപ്പെടുത്തുന്ന ഒരു യാഥാർഥ്യം തന്നെയാണ്.

കേരള നിയമസഭയിൽ ഈ വർഷം അവതരിപ്പിക്കപ്പെട്ട കണക്കു കൾ പ്രകാരം 18 വയസിൽ താഴെയുള്ള 2888 കുട്ടികൾ 2024 ൽ ലഹരി വിമുക്തിക്കായി ചികിൽസ തേടിയിട്ടുണ്ട്. സംസ്ഥാന എക്സൈസ് വകുപ്പിന്റെ കണക്കു കളനുസരിച്ച്, ഈ വർഷം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രം മയക്കുമരുന്ന് കടത്ത്, വിൽപ്പന തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്ത 18 വയസിൽ താഴെയുള്ള 36 പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. കൂടാതെ, കേരളത്തിലെ 1057 സ്കൂളുകളെ ലഹരിമാഫിയകൾ ലക്ഷ്യം വച്ചിരിക്കു ന്നതായുള്ള ഇന്റലിജൻസ് റിപ്പോർട്ട് 2023-ൽ എക്സൈസ് വകുപ്പിന് ലഭിച്ചിരുന്നു. സ്കൂൾ കുട്ടികൾക്കിടയിൽ ആശങ്കാജനകമായ വിധത്തിൽ മയക്കുമരുന്ന് വിപണനവും ഉപയോഗവും വർധിക്കുന്നതിന്റെ സൂചനകളാണ് ഇവ. സ്കൂളുകളേക്കാൾ വളരെയധികമായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരിമാഫിയ കളുടെ പിടിയിലാണ് എന്നാണ് റിപ്പോർട്ടുകൾ.

ഈ വർഷം മാർച്ച് 12ന് ലോക്സഭയിൽ വെളിപ്പെടുത്തിയ കണക്കുകൾ പ്രകാരം 2022 മുതൽ 2024 വരെയുള്ള മൂന്നുവർഷ ങ്ങൾക്കിടയിൽ കേരളത്തിൽ NDPS ആക്ട് പ്രകാരം 85334 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. മുൻവർഷങ്ങളിലേതിനേക്കാൾ വലിയ വർദ്ധനവാണ് ആ കണക്കുകൾ

വ്യക്തമാക്കു ന്നത്. മയക്കുമരുന്ന് സംബന്ധമായ കേസുകൾ ഇന്ത്യയിൽ ഏറ്റവും അധികം രജിസ്റ്റർ ചെയ്യപ്പെടുന്ന സംസ്ഥാനമായി നമ്മുടെ കൊച്ചുകേരളം മാറിയിരിക്കുന്നു. 35883 കേസുകൾ രജിസ്റ്റർ ചെയ്ത് രണ്ടാം സ്ഥാനത്തുള്ള മഹാരാഷ്ട്രയുടെ ഇരട്ടിയിലധികം കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 25.85 കിലോ രാസലഹരി വസ്തുക്കൾ 2024-ൽ കേരളത്തിൽനിന്ന് പിടികൂടി.

ലഹരി വിൽപ്പനയുടെ കണ്ണികളായി പ്രവർത്തിക്കുന്നവർ ലഹരി വസ്തുവെന്ന് തിരിച്ചറിയാനാവാത്തവിധത്തിൽ ചോക്ക ലേറ്റുകളുടെയും പാനീയങ്ങളുടെയും രൂപത്തിൽ രാസലഹരി വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിക്കുന്നു എന്ന വസ്തുത ചില സമീപകാല സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് പാനീയങ്ങളിൽ രാസലഹരി പദാർത്ഥങ്ങൾ ചേർത്തു നൽകി അവരെ ലഹരിക്ക് അടിമകളാക്കി മാറ്റാനുള്ള നീക്കങ്ങൾ നടക്കുന്നതായി അടുത്തകാലത്ത് ലഹരി വിമുക്തി നേടിയ ഒരു വ്യക്തി ചാനലുകളിൽ നടത്തിയ വെളിപ്പെടുത്തൽ, ഏതാനും ആഴ്ചകൾക്ക് മുമ്പ് മാരകലഹരി കലർന്ന ചോക്കലേറ്റ് പായ്ക്കറ്റുകൾ കൊച്ചി വിമാനത്താവളത്തിൽനിന്ന് പിടികൂടിയത് തുടങ്ങിയ സംഭവങ്ങൾ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ നമ്മെ നിർബന്ധിതരാക്കുന്നു.

സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കിടയിലെന്നതിനേക്കാൾ പട്ടണങ്ങൾ കേന്ദ്രീകരിച്ച് വിവിധ മേഖലകളിൽ ജോലിചെയ്യുന്ന യുവജനങ്ങൾക്കിടയിലും രാസലഹരിയുടെ ഉപയോഗം വളരെ വർദ്ധിച്ചിരിക്കുന്നതായാണ് റിപ്പോർട്ടുകൾ. മയക്കുമരുന്ന് കടത്തും വിപണനവുമായി ബന്ധപ്പെട്ട് കേസുകളിൽ അകപ്പെടുന്നവരിൽ 60 ശതമാനത്തിലധികംപേരും 25 വയസിൽ താഴെയുള്ളവരാണ്. അനേകം യുവജനങ്ങൾ മയക്കുമരുന്ന് കെണികളിൽ അകപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് ഇത്തരം റിപ്പോർട്ടുകളിൽനിന്ന് വ്യക്ത മാകുന്നു.

മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന് ആനുപാതി കമായി അക്രമ സംഭവങ്ങൾ, അപകടങ്ങൾ, ആത്മഹത്യാ പ്രവണതകൾ, ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയവ നമ്മുടെ നാട്ടിൽ കുത്തനെ ഉയർന്നുകൊണ്ടിരി ക്കുന്നതും നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഇത്തരം കാരണങ്ങളാൽ സാമൂഹിക സുരക്ഷിതത്വം കുറഞ്ഞുകൊണ്ടിരിക്കുന്നത് ഈ കാലഘട്ടത്തിൽ നാം നേരിടുന്ന പ്രധാന വെല്ലുവിളി കളിൽ ഒന്നാണ്.

രാസലഹരികൾ ഉപയോഗിച്ചുശീലിക്കുന്ന പക്ഷം അതിൽ നിന്നുള്ള വിമുക്തി ദുഷ്കരമാണ് എന്ന വസ്തുത നാം ഗൗരവമായി പരിഗണിക്കുകയും അക്കാര്യം വിദ്യാർത്ഥികളെയും യുവജനങ്ങ ളെയും ബോധ്യപ്പെടുത്തുകയും

വേണം. മക്കൾ രാസലഹരികൾക്ക് അടിമപ്പെട്ട് കുടുംബത്തിൽ പ്രതിസന്ധികൾ രൂപപ്പെടുന്നെങ്കിലും ആ വിവരം മൂടിവയ്ക്കുകയും അവരെ ചികിൽസകൾക്ക് വിധേയരാക്കാൻ മടികാണിക്കുകയും ചെയ്യുന്ന പ്രവണത മാതാപിതാക്കളിൽ കാണപ്പെടുന്നുണ്ട്. ലഹരി അടിമത്തം ശ്രദ്ധയിൽപെടുന്നപക്ഷം ശാസ്ത്രീയമായ ചികിൽസ കൾക്ക് അവരെ വിധേയരാക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ജൂൺ 3, 4 തിയതികളിൽ എറണാകുളം പിഒസിയിൽ സമ്മേളിച്ച കെസിബിസി സമ്മേളനം ലഹരി വ്യാപനത്തിന്റെ ഇത്തരം ആശങ്കാജനകമായ സാഹചര്യങ്ങളെകുറിച്ച് ഗൗരവമായി ചർച്ച ചെയ്തു. മയക്കുമരുന്ന് ഉപയോഗത്തെ പ്രതിരോധിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളോടുചേർന്നു നിന്നുകൊണ്ട് ഈ മഹാവിപത്തിനെ ഉൻമൂലനം ചെയ്യാനും വിദ്യാർത്ഥികളെയും യുവജനങ്ങളെയും കുടുംബങ്ങളെയും പ്രബുദ്ധരാക്കാനും ഫലപ്രദമായ പദ്ധതികൾ ഇക്കാലഘട്ടത്തിൽ നാം നടപ്പാക്കേണ്ട തുണ്ട്. അതിന് ആദ്യപടിയായി ഈ വരുന്ന ജൂൺ 26 ന് അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധദിനത്തോടനുബന്ധിച്ച് കേരള സഭയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രാവിലെ നടത്തുന്ന അസംബ്ലിയോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടി കളും ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്താൻ കത്തോലിക്കാ മെത്രാൻ സമിതി നിർദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്ക് കൃത്യമായ ജാഗ്രത സന്ദേശം നൽകുന്നതോടൊപ്പം ഉചിതവും ഫലപ്രദവുമായ രീതിയിൽ സ്കൂൾ-കോളേജ് അധികൃതർ അന്നേദിവസം ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇനിയും ആരും ലഹരിയുടെ കെണികളിൽ വീഴാതിരിക്കാൻ ജാഗ്രതയുള്ള സമൂഹമായി സഹോദരരുടെ കാവൽക്കാരായി പ്രവർത്തിച്ചുകൊണ്ട് ലഹരിവ്യാപനത്തിനെതിരായ പോരാട്ടത്തിൽ നമുക്കേവർക്കും കൈകോർക്കാം.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി, സെക്രട്ടറി ജനറൽ

# 59-ാമത് ലോക സാമൂഹ്യ സമ്പർക്ക ദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം

നിങ്ങളുടെ ഹൃദയത്തിൽ ഉള്ള പ്രത്യാശ ആദരപൂർവ്വം പങ്കുവയ്ക്കുക (1 പത്രോ 3, 15-16)

പ്രിയ സഹോദരീ സഹോദരന്മാരേ,

ചില അധികാര കേന്ദ്രങ്ങൾ വസ്തുതകളും വിവരങ്ങളും (data and information) നിയന്ത്രിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഈ കാലഘട്ടത്തിൽ തെറ്റായ അറിവും ധ്രുവീകരണവും നിറയു മ്പോൾ, എക്കാലത്തിലും ഉപരിയായി പത്രപ്രവർത്തകരും വാർത്താ വിനിമയവാഹകരും എന്ന നിലയിൽ നിങ്ങളുടെ പ്രാധാന്യത്തെ മനസ്സിലാക്കികൊണ്ട് നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവർക്കായി വാർത്തകൾ സംവേദനം ചെയ്യുക എന്ന പ്രവർത്തിയുടെ വ്യക്തിപരവും സാമൂഹ്യവുമായ ഉത്തരവാദിത്വ ത്തിൽ നിങ്ങളുടെ ധൈര്യപൂർവ്വമായ ശ്രമങ്ങൾ യഥാർത്ഥത്തിൽ അനിവാര്യമായവയാണ്.

## ജൂബിലിയെകുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ

അസ്വാസ്ഥ്യ ജനകമായ ഈ കാലഘട്ടത്തിൽ ഈ വർഷം നാം കൃപയുടെ നേരമായി കരുതുകയാണ്; ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളെ പ്രത്യാശയുടെ സന്ദേശവാഹകരാകാൻ (communicators of hope) ക്ഷണിക്കുകയാണ്; അതായത് നിങ്ങളുടെ പ്രവർത്തനവും ദൗത്യവും സുവിശേഷത്തിന്റെ ചൈതന്യത്താൽ നവീകരിച്ചുകൊണ്ട് ആരംഭിക്കാൻ.

## സാമൂഹ്യസമ്പർക്കം നിരായുധീകരിക്കുന്നത്

ഇന്ന് പലപ്പോഴും സാമൂഹ്യസമർക്ക മാധ്യമങ്ങൾ പ്രത്യാശ ജനിപ്പിക്കാറില്ല; അവ ഭയവും നിരാശയും, മുൻവിധിയും നീരസവും, മതഭ്രാന്തും വിദ്വേഷവുമാണ് പ്രചരിപ്പിക്കുന്നത്. പലപ്പോഴും അത് യാഥാർത്ഥ്യത്തെ ലഘൂകരിക്കുകയും ഉടനടിയുള്ള തിരിച്ചടിക്കാൻ പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നു; വാക്കുകൾ അവ മൂർച്ചയേ റിയ ആയുധസമാനമായി ഉപയോഗിക്കുന്നു. തെറ്റായതും കൗശ ലപൂർവ്വം മെനഞ്ഞെടുത്തതുമായ വാർത്തകൾ ഉപയോഗിച്ചുകൊണ്ട് പ്രക്ഷോപിപ്പിക്കാനും പ്രകോപിപ്പിക്കാനും മുറിവേൽപ്പിക്കാനും ഉതകുന്ന സന്ദേശങ്ങൾ അയക്കുന്നു. സാമൂഹ്യസമ്പർക്ക മാധ്യമം നിരായുധീകരി ക്കേണ്ടതിനെക്കുറിച്ച് ഞാൻ പല അവസരങ്ങളിലും സംസാരിച്ചിട്ടുണ്ട്; അക്രമസ്വഭാവത്തിൽനിന്ന് അതിനെ ശുദ്ധീകരിക്കേണ്ടതായുണ്ട്. യാഥാർ ത്ഥ്യത്തെ മുദ്രാവാക്യങ്ങൾ ആക്കി മാറ്റുന്നത് ഒരിക്കലും സഹായകരമാവില്ല. ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളിലും സോഷ്യൽ മീഡിയയിലും നടക്കുന്ന വാക്കുകൾകൊണ്ടുള്ള ആക്രമണം

നമുക്കറിയാവുന്നതാണല്ലോ; മത്സരവും എതിർപ്പും ആധിപത്യ സ്വഭാവവും പിടിച്ചടക്കലും ഒക്കെ പൊതുജനാ ഭിപ്രായത്തെ നിയന്ത്രിക്കാനുള്ള മാർഗമാകും.

അസ്വസ്ഥത ജനിപ്പിക്കുന്ന മറ്റൊരു പ്രതിഭാസമാണ് ശ്രദ്ധ വികേന്ദ്രീകരണ/ചിതറിപ്പിക്കൽ പരിപാടി (programmed dispersion of attention); അത് ഡിജിറ്റൽ സിസ്റ്റംസ് വഴിയായി കമ്പോളത്തിന്റെ യുക്തിക്കനുസരിച്ച് നമുക്ക് ലാഭമുണ്ടാക്കി തരികയും യാഥാർത്ഥ്യ ത്തെകുറിച്ചുള്ള നമ്മുടെ പരിപ്രേക്ഷ്യം വ്യത്യസ്ത മാക്കുകയും ചെയ്യും. തത്ഫലമായി പലപ്പോഴും നിസ്സഹായമാംവിധം നാം കാണുന്നത് താല്പര്യങ്ങളുടെ ഒരുതരം അണുവൽക്കരണം (atomization) ആണ്; അതു നമ്മുടെ സാമൂഹ്യ പ്രസ്തുതത്തിന്റെ അടിത്തറകൾ ഇളക്കി മറിക്കുന്നതിൽ പരിണമിക്കുന്നു; അത് പൊതു നന്മയ്ക്കായുള്ള നമ്മുടെ ഉദ്യമത്തിൽ സംഘംചേരാനും പരസ്പരം ശ്രവിക്കാനും അപരരുടെ വീക്ഷണകോണുകൾ മനസ്സിലാക്കാനു മുള്ള കഴിവ് കുറയ്ക്കുന്നു. നമ്മുടെ സ്വത്വത്തെ നിലനിർത്തു ന്നതിനായി നമുക്ക് കിടപിടിക്കാനായി ഒരു ശത്രുവിനെ കണ്ടെത്തുക അനിവാര്യമായി ഭവിക്കുന്നു. എന്നാൽ മറ്റുള്ളവർ നമ്മുടെ ശത്രുക്കളായി മാറുമ്പോൾ അവരെ നിന്ദിക്കാനും പുച്ഛിക്കാനുമായി നാം അവരുടെ വ്യക്തിത്വവും മാഹാത്മ്യവും നിരാകരിക്കുമ്പോൾ, നമുക്ക് തന്നെയും പ്രത്യാശ ജനിപ്പിക്കാൻ ഉള്ള സാധ്യത കൈമോശം വരുന്നു. ഡോൺ ടോണിനോ ബെല്ലോ നിരീക്ഷിച്ചതുപോലെ 'എല്ലാ സംഘർഷങ്ങളും' ആരംഭിക്കുന്നത് വ്യക്തികളുടെ മുഖങ്ങൾ അലിഞ്ഞുപോവുകയും ഇല്ലാതാവുകയും ചെയ്യുമ്പോഴാണ്. ഈ മനോഭാവത്തിന് നാം വഴങ്ങി കൊടുക്കരുത്.

പ്രത്യാശ എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ജോർജസ് ബർണാനോസ് ഒരിക്കൽ പറഞ്ഞു: 'തങ്ങൾ ഒരിക്കൽ സുരക്ഷിതത്വം കണ്ടെത്തുകയും തെറ്റായി പ്രത്യാശ ആണെന്ന് കരുതുകയും ചെയ്തവ വ്യാമോഹങ്ങളും നുണകളും ആയിരുന്നുവെന്ന് മനസ്സി ലാക്കി വിഷാദിക്കാൻ ധൈര്യമുള്ളവർക്കു മാത്രമേ പ്രത്യാശിക്കാൻ കഴിയൂ. സാഹസത്തിനു (risk) തുനിയുക എന്നതാണ് പ്രത്യാശ. അത് സാഹസത്തിന്റെമേലുള്ള സാഹസമാണ് (risk of risks). പ്രത്യാശ എന്നത് ഒരു നിഗൂഢമായ സുകൃതമാണ്; അത് ദൃഢമായതും ക്ഷമാശീലമുള്ളതുമാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ തന്റെ 'പ്രത്യാശയിൽ രക്ഷ' *(Spe Salvi)* എന്ന ചാക്രിക ലേഖനത്തിൽ കുറിച്ചതുപോലെ, പ്രത്യാശ എന്നത് നിഷ്ക്രിയമായ ശുഭാപ്തി വിശ്വാസം അല്ല, മറിച്ച് ക്രിയാത്മകമായ (performative) ഒരു സുകൃതമാണ്; അതിന് നമ്മുടെ ജീവിതങ്ങളെ പരിവർത്തനപ്പെടു ത്താനാകും: 'പ്രത്യാശിക്കുന്നവർ വ്യത്യസ്തരായി ജീവിക്കുന്നു; അവർക്ക് പുതിയ ജീവൻ എന്ന ദാനം നൽകപ്പെട്ടിരിക്കുന്നു' (ഖണ്ഡിക 2).

## ആദരപൂർവം നമ്മുടെ ഉള്ളിലെ പ്രത്യാശയെകുറിച്ച് പ്രഖ്യാപി ക്കുന്നത്

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ (3:15-16) പ്രത്യാശയെ ക്രൈസ്തവ സാക്ഷ്യവും സാമൂഹ്യ സമ്പർക്കവുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു

സുന്ദരമായ സമന്വയും നാം കാണുന്നു: 'ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കു വിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപറ്റി വിശദീകരണം ആവശ്യ പ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ. എന്നാൽ, അതു വിനയത്തോടും ഭയത്തോടുംകൂടെ ആയിരിക്കട്ടെ.' ഈ വാക്കുകളിൽ നിന്ന് മൂന്ന് സന്ദേശങ്ങൾ കവർന്നെടുക്കാൻ ഞാൻ താല്പര്യപ്പെടുന്നു.

ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. ക്രിസ്ത്യാനികളുടെ പ്രത്യാശയ്ക്ക് ഒരു മുഖമുണ്ട്, അതായത് ഉത്ഥിതനായ നാഥന്റെ മുഖം. പരിശുദ്ധാത്മാവിന്റെ ദാനം വഴിയായി നമ്മോടൊപ്പം എപ്പോഴും വസിക്കാം എന്ന അവന്റെ വാഗ്ദാനം എല്ലാ പ്രത്യാശയ്ക്കും എതിരായി പ്രത്യാശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു; എല്ലാ കാര്യങ്ങളും നഷ്ടപ്പെട്ടു എന്നു തോന്നു മ്പോഴും നിശബ്ദമായി സന്നിഹിതമായിരിക്കുന്ന നിഗൂഢമായ നന്മ മനസ്സിലാക്കാനും അത് നമ്മെ പ്രാപ്തരാക്കുന്നു.

നമ്മുടെ ഉള്ളിലുള്ള പ്രത്യാശ എന്താണെന്ന് വിശദീകരിക്കാൻ നാം തയ്യാറായിരിക്കണം എന്നതാണ് രണ്ടാമത്തെ സന്ദേശം. നമ്മുടെ പ്രത്യാശയെ പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ എന്നാണ് പുസ്തകം പറയുന്നത്. ക്രൈസ്തവർ എന്നു പറയുന്നവർ പ്രഥമമായി ദൈവത്തെക്കുറിച്ച് സംസാരിക്കുന്നവർ അല്ല, മറിച്ച് ദൈവത്തിന്റെ സ്നേഹത്തിന്റെ സൗന്ദര്യം പ്രതിധ്വനിപ്പിക്കുന്നവരും ഒരു പുതിയ രീതിയിൽ എല്ലാം അനുഭവിക്കാനാകും എന്ന് കാണിച്ചു തരുന്ന വരുമാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ജീവിക്കുന്നത്? നിങ്ങൾ എന്തുകൊണ്ടാണ് ഇപ്രകാരം ആയിരിക്കുന്നത് എന്ന ചോദ്യങ്ങൾ ഉന്നയിക്കുകയും അതിന് ഉത്തരം അന്വേഷിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ജീവിക്കപ്പെടുന്ന സ്നേഹമാണ് അവരുടേത്.

വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ അവസാനമായി നാം മൂന്നാമതൊരു സന്ദേശം കണ്ടെത്തുന്നു: ചോദ്യത്തിനുള്ള നമ്മുടെ പ്രത്യുത്തരം, വിനയത്തോടും ഭയത്തോടും ആയിരിക്കണം ക്രൈസ്തവമായ സാമൂഹ്യ സമ്പർക്കം - ഞാൻ പറയും, സാമൂഹ്യ സമ്പർക്കം പൊതുവായി തന്നെ-വിനയത്തിലും അടുപ്പത്തിലും, സാമിപ്യത്തിലും ആയിരിക്കണം; അതായത്, പാതയിലെ സഹയാത്രി കന്റെ സംസാരം എന്ന നിലയിൽ. എല്ലാ കാലത്തെയും സാമൂഹ്യ സമ്പർക്ക പ്രക്രിയയിൽ അതികായവനായവന്റെ രീതിശാസ്ത്രം; എമ്മാവൂസിലേക്കുപോയ രണ്ട് ശിഷ്യരോടൊപ്പം നടന്നുകൊണ്ട് സംഭവങ്ങൾ വിശുദ്ധ ലിഖിതത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു കൊണ്ട് അവരോട് സംസാരിക്കുകയും അവരുടെ ഹൃദയങ്ങൾ അവരുടെ ഉള്ളിൽ ജ്വലിക്കാൻ ഇടവരുത്തുകയും ചെയ്ത അവൻ അവലംബിച്ച രീതി ഇതായിരുന്നു.

നമ്മെ എല്ലാവരെയും സഹയാത്രികരാക്കി തീർക്കാൻ കഴിവുള്ള ആശയസംവേദന രീതിയെക്കുറിച്ചാണ് ഞാൻ സ്വപ്നം കാണുന്നത്; അതുവഴിയായി അസ്വസ്ഥജനകമായ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ നടന്നുകൊണ്ട് പ്രത്യാശിക്കാനായി അവരെ പ്രോത്സാഹിപ്പിക്കാനാകണം. അപ്രകാര മുള്ള ആശയസംവേദനം ഹൃദയത്തോട് സംസാരിക്കാൻ കഴിവു ള്ളതായിരിക്കും; അത് പ്രതിരോധത്തിന്റെയും രോഷത്തിന്റേതുമായ തീവ്ര പ്രതികരണങ്ങൾ ഉയർത്താത്തതും എന്നാൽ തുറവിന്റെയും സൗഹൃദത്തിന്റെയും മനോഭാവങ്ങൾ സൃഷ്ടിക്കുന്നതും ആയിരിക്കും. അത്തരത്തിലുള്ള ആശയസംവേദനം പ്രകടമായും നിരാശാജന കമാണെന്നു തോന്നുന്ന സാഹചര്യങ്ങളിൽ സൗന്ദര്യത്തിലും പ്രത്യാശയിലും കേന്ദ്രീകൃതമാകാൻ പ്രാപ്തമായിരിക്കുന്നതാകും; അത് പ്രതിജ്ഞാബദ്ധതയും തന്മയിഭാവവും അപരരെക്കുറിച്ചുള്ള കരുതലും സൃഷ്ടിക്കുന്നത് ആയിരിക്കും. അപ്രകാരമുള്ള ആശയ സംവേദന രീതി ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം അംഗീകരിക്കുന്നതിനും നമ്മുടെ പൊതുഭവനം സംരക്ഷിക്കുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനും *(Dilexit Nos,* 217) നമ്മെ സഹായി ക്കാൻ കഴിവുള്ളതും ആയിരിക്കും.

വ്യാമോഹങ്ങളും ഭയങ്ങളും പ്രചരിപ്പിക്കാത്ത ഒരു ആശയ സംവേദനരീതിയാണ് ഞാൻ സ്വപ്നം കാണുന്നത്; മറിച്ച് അത് പ്രത്യാശയ്ക്കുള്ള കാരണങ്ങൾ നിരത്തി വയ്ക്കുന്നതാകും. മാർട്ടിൻ ലൂഥർ കിംഗ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ കടന്നു പോകുന്ന വഴിക്ക് ഒരാളെ എനിക്ക് സഹായിക്കാൻ കഴിഞ്ഞാൽ, ആരെയെങ്കിലും ഒരു വാക്കുകൊണ്ടോ ഒരു ഗീതം കൊണ്ടോ ഉന്മേഷഭരിതമാക്കാൻ കഴിഞ്ഞാൽ' എന്റെ ജീവിതം വ്യക്തമാവുകയില്ല'. എന്ന ഇപ്രകാരം ചെയ്യാൻ നാം നമ്മുടെ സ്വയം പ്രചാരത്തിൽനിന്നും (self-promotion) സ്വയം മുഴുകലിൽ (sel-absorption) നിന്നും സുഖപ്പെട്ടിരിക്കണം; മറ്റുള്ളവരുടെ ശബ്ദത്തിന് ഉപരിയായി നമ്മുടെ ശബ്ദം കേൾക്കത്തക്കവിധം നാം ഉച്ചത്തിൽ സംസാരിക്കുന്ന അപകടം ഒഴിവാക്കണം. ഒരു നല്ല ആശയസംവേദനകൻ തന്നെ കേൾക്കുന്നവരെയും വായിക്കുന്ന വരെയും പ്രേക്ഷകരെയും കൂടെ നിർത്താൻ ശ്രദ്ധിക്കണം; അവരെ ചേർത്ത് നിർത്താനും അവരുടെ ഏറ്റവും ഹൃദ്യമായ ഭാഗവുമായി ഐക്യപ്പെടാനും അവരെ താൻ പറയുന്ന കഥകളുടെ ആഭിമുഖ്യങ്ങളി ലേക്ക് പ്രവേശിക്കാൻ സഹായിക്കുകയും വേണം. ഈ രീതിയിലുള്ള ആശയസംവേദനം ഇപ്പോഴത്തെ ജൂബിലിയുടെ ലക്ഷ്യമായ പ്രത്യാശയുടെ തീർത്ഥാടകർ ആയിത്തീരാൻ നമ്മെ സഹായിക്കും.

### ഒരുമിച്ച് പ്രത്യാശിക്കുന്നത്

പ്രത്യാശ എപ്പോഴും ഒരു സാമൂഹ്യ പദ്ധതിയാണ് (a community project). ഈ കൃപയുടെ വർഷം നൽകുന്ന സന്ദേശത്തിന്റെ മാഹാത്മ്യം ഒരു നിമിഷം

നമുക്ക് ചിന്താവിഷയമാക്കാം. നമ്മളെ ല്ലാവരും-എല്ലാവരും തന്നെ-നവമായി ആരംഭിക്കാൻ ക്ഷണിക്കപ്പെടുന്നു; അതായത്, ദൈവം നമ്മെ എടുത്തുയർത്താനും, നമ്മെ ആശ്ലേഷിക്കാനും നമ്മുടെ മേൽ കരുണ ചൊരിയാനും നാം അനുവദിക്കണം. ഇക്കാര്യത്തിൽ, വ്യക്തിപരവും സാമൂഹ്യവുമായ മാനങ്ങൾ അഭേദ്യമാംവിധം ഇഴചേർന്നിരിക്കുന്നു: നമ്മൾ ഒരുമിച്ച് പുറപ്പെടുന്നു, നാം നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ യാത്രചെയ്യുന്നു, നാം വിശുദ്ധ വാതിലിലൂടെ ഒരുമിച്ചു കടക്കുന്നു.

ജൂബിലിക്ക് അനവധി സാമൂഹ്യമാനങ്ങളുണ്ട്. ഉദാഹരണത്തിന്, തടവറകളിൽ കഴിയുന്നവർക്ക് ഇത് കരുണയുടെയും പ്രത്യാശ യുടെയും സന്ദേശം നൽകുന്നു, അല്ലെങ്കിൽ സഹനത്തിൽ ആയിരി ക്കുന്നവരോടും പ്രാന്തങ്ങളിലായിരിക്കുന്നവരോടും സാമീപ്യവും ആർദ്രതയും കാണിക്കാൻ അത് ക്ഷണിക്കുന്നു. സമാധാന സ്ഥാപകർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും (മത്താ 5:9) എന്ന് ജൂബിലി നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെ അത് പ്രത്യാശ അങ്കുരിപ്പിക്കുകയും സംവാദത്തിന് വഴികൾ ഒരുക്കുന്ന ശ്രദ്ധയുള്ളതും ആർദ്രവും വിചാര പൂർണവുമായ ആശയസംവേദനത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. അതിനാൽ, വാർത്തകളുടെ മടക്കുകളിൽ ഒളിച്ചു വെക്കപ്പെട്ടിരിക്കുന്ന നന്മയുടെ നിരവധി കഥകൾ കണ്ടുപിടിക്കാനും പ്രചരിപ്പിക്കാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ; സ്വർണ്ണ ത്തിന്റെ തീരെ ചെറിയ ഒരു തരിക്കുവേണ്ടി അക്ഷീണം മണൽ അരിക്കുന്ന ആളുകളെ അനുകരിക്കാൻ ഞാൻ നിങ്ങളോട് പറയട്ടെ. അപ്രകാരമുള്ള പ്രത്യാശയുടെ വിത്തുകൾ അന്വേഷിക്കുന്നതും അവ കണ്ടെത്തി മനുഷ്യരെ അറിയിക്കുന്നതും ഉദാത്തമായ കാര്യമാണ്. ദരിദ്രരുടെ വിലാപത്തിന്റെ മുൻപിൽ ബധിരത അല്പം കുറയ്ക്കാനും, നിസ്സംഗത ചുരുക്കാനും നമ്മിൽ ഒതുങ്ങിക്കൂടാതിരിക്കാനും അത് സഹായകമാകും. പ്രത്യാശയ്ക്കായി നമ്മെ പ്രചോദിപ്പിക്കുന്ന നന്മയുടെ മങ്ങിയ ദീപനാളങ്ങൾ നമുക്കെപ്പോഴും കണ്ടെത്താൻ ആവട്ടെ. ഈ തരത്തിലുള്ള ആശയസംവേദനം സാമൂഹ്യബോധം കെട്ടിപ്പടുക്കുകയും, നാം ഏകരല്ലെന്ന ബോധ്യം നമ്മിൽ ഉയർത്തു കയും ഒരുമിച്ച് നടക്കുന്നതിന്റെ പ്രാധാന്യം നാം വീണ്ടും കണ്ടെത്തുകയും ചെയ്യും.

### ഹൃദയത്തെ വിസ്മരിക്കരുത്

പ്രിയ സഹോദരീസഹോദരന്മാരേ, സാങ്കേതിക വിദ്യയുടെ വിസ്മയമായ നേട്ടങ്ങളുടെ മുമ്പിൽ നിൽക്കുമ്പോഴും നിങ്ങളുടെ ഹൃദയത്തെ, അഥവാ ആന്തരിക ജീവിതത്തെ, സംരക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഞാൻ ചില ചിന്തകൾ പങ്കുവയ്ക്കട്ടെ:

ശാന്തശീലർ ആയിരിക്കുക; ഒരിക്കലും അന്യരുടെ മുഖങ്ങൾ മറക്കരുത്; നിങ്ങൾ നിവർത്തിയാക്കുന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഹൃദയത്തോട് സംസാരിക്കുക.

നിങ്ങളുടെ ആശയസംവേദനത്തെ ഉടനടിയുള്ള സ്വാഭാവികമായ പ്രതികരണത്തിന് വിട്ടുകൊടുക്കരുത്. എപ്പോഴും പ്രത്യാശ പരത്തുക; അത് ഏറെ ബുദ്ധിമുട്ടാണെന്നും വളരെ വില കൊടുക്കേണ്ടതാണെന്നും അധികം ഫലം പുറപ്പെടുവിക്കില്ലെന്ന് തോന്നുമ്പോഴും അപ്രകാരം ചെയ്യുക.

മനുഷ്യരാശിയുടെ മുറിവുകൾ സുഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ആശയസംവേദനം പ്രോത്സാഹിപ്പിക്കുക.

ഹൃദയപൂർവ്വമായി വിശ്വാസം അർപ്പിക്കുന്നത് സാധ്യമാക്കുക; അത് എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്ന മൃദുവായ പുഷ്പത്തെ പോലെ ആയിരിക്കട്ടെ; ജീവിതത്തിന്റെ കൊടുങ്കാറ്റുകൾ അതിനെ വിഴുങ്ങില്ല; വളരെ അപ്രതീക്ഷിതമായ സ്ഥലങ്ങളിൽ അത് പുഷ്പിക്കുകയും വളരുകയും ചെയ്യുന്നു. സംഘർഷത്തിന്റെ വാരിക്കുഴികളിൽ നിന്ന് തങ്ങളുടെ മക്കൾ തിരികെ വരുന്നത് കാണാനായി നിത്യേന പ്രാർത്ഥിക്കുന്ന അമ്മമാരിൽ ആ പ്രത്യാശ യുണ്ട്. അല്പം കൂടി നല്ല ഒരു ഭാവി പ്രതീക്ഷിച്ചുകൊണ്ട് വലിയ സാഹസം കാണിച്ച് മറു രാജ്യങ്ങളിലേക്ക് ചേക്കേറുന്ന പിതാക്കന്മാ രിൽ ആ പ്രത്യാശയുണ്ട്. യുദ്ധത്തിന്റെ ജീർണാവശിഷ്ടങ്ങൾ ക്കിടയിലും ചേരികളിലെ ദരിദ്രമായ തെരുവുകളിലും കളിക്കാനും ചിരിക്കാനും ജീവിതത്തിൽ വിശ്വസിക്കാനും കഴിയുന്ന കുട്ടികളുടെ പ്രത്യാശയിലും അതുണ്ട്.

അഹിംസാത്മകമായ ആശയസംവേദനത്തിന്റെ സാക്ഷികളും പ്രണേതാക്കളും ആവുക; കരുതലിന്റെയും പാലങ്ങൾ പണിയുന്നതി ന്റെയും സംസ്കാരം പ്രചരിപ്പിക്കുന്നതിൽ സഹായിക്കുക; ഈ കാലഘട്ടത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പ്രതിബന്ധങ്ങൾ തച്ചുടക്കുക.

പ്രത്യാശയിൽ മെനഞ്ഞെടുത്ത കഥകൾ പറയുക; നമ്മുടെ പൊതുവായ ലക്ഷ്യത്തെക്കുറിച്ച് താല്പര്യ മുണ്ടായിരിക്കുക; ഒരുമിച്ച് ചേർന്നിരുന്നു നമ്മുടെ ഭാവിയുടെ ചരിത്രം രചിക്കാൻ ശ്രമിക്കുക.

ദൈവീകകൃപകൊണ്ട്, നിങ്ങൾക്ക് അത് സാധിക്കും, നമുക്കത് സാധിക്കും; ഈ കൃപയുടെ അഭിഷേകം ജൂബിലി വർഷത്തിൽ സമൃദ്ധമായി ഉണ്ട്. ഇതാണ് എന്റെ പ്രാർത്ഥന, ഇതോടൊപ്പം നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ പ്രവർത്തനത്തെയും ഞാൻ ആശീർവദിക്കുന്നു.

**ഫ്രാൻസിസ് പാപ്പാ**

വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയം, റോമാ,

വിശുദ്ധ ഫ്രാൻസിസ് ദേ സാലസിന്റെ സ്മരണ ദിനം,

24 ജനുവരി 2025

# കച്ചേരിക്കാര്യം

## 1. New Appointments

| | | |
|---|---|---|
| Rev. Fr. James Kallumkal VC | - | Relieved Engapuzha |
| Rev. Fr. James Azhakedath VC | - | Vicar, Engapuzha |
| Rev. Fr. Johns Pulparambil OFM Cap. | - | Relieved Perambra |
| Rev. Fr. George Kuzhivilayil OFM Cap. | - | Vicar, Perambra |
| Rev. Fr. Thomas Kalappurackal | - | Defender of Bond |
| Rev. Fr. George Mundanattu | - | Eparchial Judge |
| Rev. Fr. Joseph Thekkumkattil | - | Chief Editor, Malabar Vision |

## 2. ജൂലൈ 3 - സഭാദിനം, സഭാദിന പിരിവ്

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും വേണ്ടി മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സീറോ മലബാർ സഭാദിന പിരിവ് (ആൾ ഒന്നിന് 4 രൂപ പ്രകാരം) രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

## 3. വൈദികരുടെ വാർഷിക ധ്യാനം

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ 2025 ജൂലൈ 6-ാം തീയതി വൈകുന്നേരം ആരംഭിച്ച് 10-ാം തീയതി സായാഹ്നത്തിൽ സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപതാകാര്യാലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരം രൂപതാകാര്യാലയത്തെ അറിയിക്കേണ്ടതാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർമിക്കുമല്ലോ.

## 4. യുവജന ഞായർ - ജൂലൈ 6

ജൂലൈ 6-ാം തീയതി സഭ യുവജന ഞായറായാണ് ആചരിക്കുന്നത്. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടനകളിൽ ചേർന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

**5. പാസ്റ്ററൽ കൗൺസിൽ**

12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാമത് സമ്മേളനം 2025 ജൂലായ് 19 ന് രാവിലെ 10.30ന് രൂപതാഭവനിൽ വച്ച് നടക്കുന്നു. അംഗങ്ങളെല്ലാവരും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**6. വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ - ജൂലൈ 26**

"ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ ദിവസമായ ജൂലൈ 26 ആഗോളസഭ ഗ്രാന്റ് പേരൻസ് ഡേ ആയി ആചരിക്കുന്നു. നമ്മുടെ ഇടവകകളിലെ വല്യപ്പന്മാരെയും വല്യമ്മമാരെയും ആദരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ദൈവജനത്തെ ഓർമിപ്പിക്കേണ്ടതാണ്.

**7. വി. അൽഫോൻസാ തീർത്ഥാടനം - ജൂലൈ 22**

ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്കുള്ള രൂപതാതല തീർഥാടനം ജൂലൈ 22 നാണ്. അന്നേദിവസം രാവിലെ 11 30 ന് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സാധിക്കുന്ന എല്ലാ വൈദികരും സമർപ്പിതരും അത്മായരും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

**8. അഭിവന്ദ്യ പിതാവിന്റെ ജന്മദിനം - ജൂലൈ 26**

ജൂലൈ 26-ാം തീയതി നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ജന്മദിനമാണല്ലോ. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**9. വി. അൽഫോൻസാമ്മയുടെ തിരുനാൾ - ജൂലൈ 28**

രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളാണ് ജൂലൈ 28. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയും വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

**10. വൈദിക ദിനം, വൈദിക ക്ഷേമനിധി**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളായ ആഗസ്റ്റ് 4-ാം തീയതി വൈദികദിനമായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശംസകളർപ്പിക്കുവാനും പരിശ്രമിക്കുമല്ലോ.

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള ഇടവകാംഗങ്ങളുടെ സംഭാവനകൾ സ്വീകരിക്കുന്നതിന് വിതരണം ചെയ്യുവാനുള്ള കവറുകൾ വാർഷികധ്യാനത്തോടനുബന്ധിച്ച് ബഥാനിയ ധ്യാനകേന്ദ്രത്തിൽ എത്തിക്കുന്നതാണ്. ബഹുമാനപ്പെട്ട അച്ചന്മാർ ഓരോ ഇടവകയിലേക്കും ആവശ്യമായ കവറുകൾ കൊണ്ടുപോകാൻ

ശ്രദ്ധിക്കുമല്ലോ. വൈദികക്ഷേമനിധിയിലേക്കുള്ള സംഭാവനകൾ ആഗസ്റ്റ് 3-ാം തീയതി ഞായറാഴ്ച സ്തോത്രക്കാഴ്ചയായി സമർപ്പിക്കുവാനുള്ള കവറുകൾ നേരത്തെതന്നെ ഭവനങ്ങളിലെത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

**11. സ്വാഗതം, നന്ദി**

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന **ബഹു. ജോർജ് കുഴിവിളയിൽ OFM Cap., ബഹു. ജെയിംസ് അഴകേടത്ത് VC** എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

രൂപതയിലെ അജപാലന ശുശ്രൂഷകൾക്കും സേവനങ്ങൾക്കു ശേഷം പുതിയ മേഖലയിലേക്ക് കടന്നുപോകുന്ന പേരാമ്പ്ര ഇടവക വികാരിയായിരുന്ന **ബഹു. ജോൺസ് പുൽപ്പറമ്പിൽ OFM Cap.** അച്ചനും ഈങ്ങാപ്പുഴ ഇടവക വികാരി യായിരുന്ന **ബഹു. ജെയിംസ് കല്ലിങ്കൽ അച്ചനും** നന്ദിയും പ്രാർത്ഥനാശംസ കളും നേരുന്നു.

**12. പുതിയ മേൽവിലാസം, ഫോൺ നമ്പർ**

Rev. Fr. Thomas Malapravanal
Lourde Matha Forane Church
Bhavani Main Road,
B.P. Agraharam, Erode -638 005, Tamil Nadu
Fr. George Kuzhivilayil OFM Cap - 94478 11041
Fr. James Azhakedath VC - 9495161868

**13. സ്മരണാഞ്ജലി**

15.07.1999 – റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ
16.07.1981 – റവ. ഫാ. അബ്രാഹം മൂക്കനോലിൽ
18.07.2010 – **റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ**
23.07.2019 – **റവ. ഫാ. ജോർജ് കഴിക്കച്ചാലിൽ**
26.07.2003 – റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ
27.07.2008 – **റവ. ഫാ. മാത്യു പൊയ്യക്കര**
28.07.1970 – റവ. ഫാ. ജേക്കബ്ബ് വെള്ളക്കട
29.07.2024 – **റവ. ഫാ. മാത്യു ഒണയാത്തൻകുഴി**
30.07.2012 – **റവ. ഫാ. ജോസ് മണിമലത്തറപ്പിൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**


# സ്മരണാഞ്ജലി



റവ. ഫാ. ഫിലിപ്പ്
പ്ലാത്തോട്ടത്തിൽ
8.07.2010




റവ. ഫാ. ജോർജ്
കഴിക്കച്ചാലിൽ
23.07.2019



റവ. ഫാ. മാത്യു
ഒണയാത്തൻകുഴി
29.07.2024



റവ. ഫാ. മാത്യു
പൊയ്യക്കര
27.07.2008



റവ. ഫാ. ജോസ്
മണിമലത്തറപ്പിൽ
30.07.2012

# ആദരാഞ്ജലികൾ




## സി. ജെമ്മ MSJ

പാല രൂപതയിൽ കോതനല്ലൂർ ഇടവക കണ്ടനാട്ടിൽ പരേതരായ ഉലഹന്നാൻ അന്തോണിയുടെയും ത്രേസ്യാമ്മയുടെയും അഞ്ചാമത്തെ സന്താനമായി 1932 നവംബർ മൂന്നാം തീയതി ജനിച്ചു. 1949-ൽ തന്റെ എസ്. എസ്. എൽ. സി പഠനം പൂർത്തിയാക്കിയ ഉടൻ ധർമ്മ ഗിരിയിൽ ചേർന്ന് ഒരു സമർപ്പിത ആകുവാനുള്ള തന്റെ ആഗ്രഹം അധികാരികളെ അറിയിച്ചു. സന്യാസപഠനം ആരംഭിച്ച ത്രേസ്യ നാലുവർഷത്തെ തന്റെ പരിശീലനം പൂർത്തിയാക്കി 1953 ഒക്ടോബർ 29ന് ആദ്യവ്രതവാഗ്ദാനം ചെയ്ത് സിസ്റ്റർ ജെമ്മ എന്ന പേര് സ്വീകരിച്ചു.

ഫാർമസി പഠനം പൂർത്തിയാക്കിയ സിസ്റ്റർ ജെമ്മ, ധർമ്മഗിരി സെന്റ് ജോസഫ് ഹോസ്പിറ്റൽ കോതമംഗലം, ലിസി ഹോസ്പിറ്റൽ എറണാകുളം, സെന്റ് ജോസഫ് ഹോസ്പിറ്റൽ വെച്ചൂർ, സെന്റ് തോമസ് ഹോസ്പിറ്റൽ പോത്താനിക്കാട്, ജെ. എം ഹോസ്പിറ്റൽ കല്ലൂർക്കാട്, ഹോളി ഏഞ്ചൽസ് കുത്തിയതോട്, സെന്റ് സെബാസ്റ്റ്യൻ ഹോസ്പിറ്റൽ ചെറുപുഴ, സെന്റ് ജോസഫ് ഹോസ്പിറ്റൽ ചേർത്തല, സെന്റ് ജോസഫ് ഹെൽത്ത് സെന്റർ അഖനൂർ, സെന്റ് ജോർജ് ഹോസ്പിറ്റൽ വാഴക്കുളം, ശാന്തിഭവൻ കോഴിക്കോട്, സെന്റ് ജോസഫ് ഹോസ്പിറ്റൽ മുക്കം, അസംഷൻ കോൺവെന്റ് കാഞ്ഞിര പ്പുഴ എന്നിവിടങ്ങളിൽ സുത്യർഹമായ സേവനമനുഷ്ഠിച്ചു. ചെറുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹോസ്പിറ്റലിലും ശാന്തിഭവൻ കോഴിക്കോടും അഡ്മിനിസ്ട്രേറ്റർ ആയിസേവനം ചെയ്തിരുന്നു. 1994 - 97 കാലഘട്ടങ്ങളിൽ സെന്റ് തോമസ് റീജിയൻ അസിസ്റ്റന്റ് റീജിയണൽ സുപ്പീരിയറായി സേവനമനുഷ്ഠിച്ചു.

പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമജീവിതം നയിച്ചിരുന്ന സി. ജെമ്മ 4-6-2025 ന് രോഗിലേപനം സ്വീകരിച്ചശേഷം സഹോദരിമാരുടെ സ്നേഹനിർഭരമായ പ്രാർത്ഥനയും ശുശ്രൂഷയും ഏറ്റുവാങ്ങി, വളരെ ശാന്തമായി ഈ ലോകത്തോട് യാത്രയായി. സ്വർഗ്ഗീയ വസതിയിൽ മാലാഖമാരോടൊപ്പം അണിചേരാനായി നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# റൂബി ജൂബിലി കർമ്മപദ്ധതികൾ

## മാലിന്യ സംസ്കരണം

എല്ലാ ഇടവകകളിലേക്കും ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ചു ശേഖരിക്കാനുള്ള വേസ്റ്റ് ബാസ്കറ്റുകൾ എത്തിച്ചു നല്കി.

## വൃക്ഷത്തൈ നടൽ ദൈവാലയങ്ങളിലും വീടുകളിലും

രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ജൂൺ 1, ഞായറാഴ്ച വി. കുർബാനക്കുശേഷം വൃക്ഷത്തൈകൾ നട്ടു. ഇതിന്റെ രൂപത തല ഉദ്ഘാടനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. എല്ലാ വീടുകളിലും പരിസ്ഥിതി മാസത്തിൽ ഒരു തൈ നടുന്ന പദ്ധതി നടന്നുവരുന്നു. ഈ വൃക്ഷതൈകൾ ഇൻഫാം ആണ് സൗജന്യമായി നൽകിയിരിക്കുന്നത്.

## യുവജന മാസമായ ജൂലൈ മാസത്തിലെ കർമ്മപദ്ധതികൾ

1. *ജൂലൈ 6:* ഇടവകാ തലത്തിൽ യുവജന ഞായറാഴ്ച ആഘോഷവും പുതിയ അംഗങ്ങൾക്ക് സ്വീകരണവും നൽകുന്നു. സാധ്യമെങ്കിൽ സെമിനാറും സംഘടിപ്പിക്കാവുന്നതാണ്. അന്നേ ദിവസം ഇടവകാതലത്തിൽ ഉന്നതവിജയം കൈവരിച്ച യുവജനങ്ങളെ (ഉദാ.10,12ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും ഫുൾ A+ കിട്ടിയവർ..) ആദരിക്കുന്നത് ഉചിതമായിരിക്കും.
2. *Y- Talks (Youth Talks):* യുവജന ഞായർ കഴിഞ്ഞ് വരുന്ന ആഴ്ചയിൽ ഇടവകയിൽ നിന്ന് വിദേശരാജ്യങ്ങളിൽ ആയിരിക്കുന്ന യുവജനങ്ങൾ, യൂണിറ്റുകളിലെ യുവജനങ്ങൾ, വൈദികർ, ആനിമേറ്റർ എന്നിവർ ചേർന്ന് ഓൺ ലൈൻ മീറ്റിംഗ് സംഘടിപ്പിക്കുന്നു. ഇതിലൂടെ യുവജനങ്ങളുടെ വിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനും, വിശ്വാസ ജീവിതത്തെക്കുറിച്ചും മറ്റും ആരായുന്നതിനും അവസരങ്ങൾ ഒരുക്കുന്നു. വരും മാസങ്ങളിൽ ഇവ തുടരുന്നതും പ്രോത്സാഹിപ്പിക്കാവുന്നതാണ്.
3. *ജൂലൈ 12:-Y- DAL(Youth directors, animators and leaders gathering):* താമരശ്ശേരി രൂപതാ യുവജനപ്രസ്ഥാനത്തിലെ കഴിഞ്ഞകാല യുവജന നേതാക്ക ന്മാരുടെയും, നിലവിലെ യൂണിറ്റ് ആനിമേറ്റേഴ്സിന്റെയും സംഗമം നടത്തപ്പെടുന്നു.
4. *ജൂലൈ 19-20 പള്ളിമുറ്റം:* യുവജന മാസത്തോടനുബന്ധിച്ച് ഇടവകയിലെ യുവജനങ്ങൾ, വികാരിയച്ചനോടും ആനിമേറ്റർക്കൊപ്പം വൈകിട്ട്

പള്ളിമുറ്റത്ത് ഒരുമിച്ചു കൂടുകയും പ്രാർഥന, പാട്ട്, പങ്കുവെക്കൽ, എന്നിവ നടത്തപ്പെടുകയും അത്താഴത്തോടെ സമാപിക്കുകയും ചെയ്യുന്നു.

5. *ജൂലൈ 22 സംഗമം:* താമരശ്ശേരി രൂപത യുവജനപ്രസ്ഥാനത്തിലെ മുൻകാല ഡയറക്ടർമാരുടെയും, നിലവിലെ മേഖല ഡയറക്ടർ മാരുടെ സംഗമം

6. *ജൂലൈ 27: ദീർഘകാല പദ്ധതികളുടെ ആരംഭം:* രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് ഇടവകാതലത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ദീർഘകാല പദ്ധതിക്ക് തുടക്കം കുറിക്കുന്നു. (eg. മാസത്തിലൊരിക്കൽ വൃദ്ധസദനങ്ങൾ സന്ദർശിക്കുക, അശരണർക്ക് പൊതിച്ചോറ് നൽകുക, പിടിയരി കളക്ഷൻ ചെയ്തു വിതരണം ചെയ്യുക) ഈ പദ്ധതിയുടെ റിപ്പോർട്ട് കെ.സി.വൈ.എം. രൂപതാ സമിതിക്ക് അയച്ചുകൊടുക്കുകയും മികച്ച പ്രോജക്ടിനു രൂപതാ തലത്തിൽ സമ്മാനം നൽകുകയും ചെയ്യുന്നു. (ചുരുങ്ങിയത് ആറുമാസക്കാലം എങ്കിലും ഈ പ്രോജക്ട് നടത്തേണ്ടതാണ്. അതിന്റെ റിപ്പോർട്ട്, കൂടുന്നതിനു 2 ആഴ്ച മുൻപ് സമർപ്പിക്കുകയും ചെയ്യുക).

**ഫാ. ജോൺ ഒറവുങ്കര**
ജനറൽ കൺവീനർ, റൂബിജൂബിലി

# ഡിജിറ്റലൈസേഷൻ

താമരശ്ശേരി രൂപതയുടെ സമ്പൂർണമായ ഡിജിറ്റലൈസേഷൻ പ്രൊജക്റ്റ് നടന്നുകൊണ്ടിരിക്കുകയാണല്ലോ. 2026 റൂബി ജൂബിലി സമാപനത്തിൽ എല്ലാ ഇടവകകളിലും ഡാറ്റ എൻട്രി പൂർത്തിയാക്കി പാരിഷ് അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളും സർട്ടിഫിക്കേഷനും ഡിജിറ്റൽ രൂപത്തിൽ ചെയ്തു തുടങ്ങാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

നിലവിൽ എല്ലാ ഇടവകകൾക്കും രൂപതയ്ക്കും പുതിയ വെബ്സൈറ്റ് നിലവിൽ വരികയും ഇടവക മാനേജ്മെന്റ് സംവിധാനം, കാറ്റക്കിസം മാനേജ്മെന്റ്, സംഘടനകളുടെ മാനേജ്മെന്റ് എന്നിവ നടന്നുവരികയുമാണ്.

2024 വർഷത്തെ പ്രസ്ബിറ്റേറിയത്തിൽ എടുത്ത തീരുമാന പ്രകാരം 2024, 2025, 2026 വർഷങ്ങളിലായി പ്രസ്തുത ഓൺലൈൻ പ്ലാറ്റ്ഫോമിന് അടച്ചു തീർക്കേണ്ട വൺ ടൈം പെയ്മെന്റിന്റെ ആദ്യഘട്ടം (2024 വർഷത്തെ തുക) എല്ലാ ഇടവകകളിൽ നിന്നും അടച്ചു തീർക്കേണ്ടതാണെന്ന് അറിയിക്കുന്നു. ഓരോ ഇടവകയിൽ നിന്നും അടയ്ക്കേണ്ട തുക വാട്സ് ആപ്പ് മുഖേന അയച്ചു തരുന്നതായിരിക്കും.

വൈദികരുടെ മാസധ്യാനങ്ങളിൽ ഇത് സംബന്ധിച്ച വിവര കൈമാറ്റം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത തുക താഴെ തന്നിരിക്കുന്ന രൂപത അക്കൗണ്ടിലേക്ക് ജൂലൈ 6 ന് മുമ്പായി അട യ്ക്കാൻ ശ്രദ്ധിക്കുമല്ലോ. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ സാധിക്കാത്തവർ വാർഷിക ധ്യാനത്തിനായി വരുമ്പോൾ തുക കൊണ്ടുവന്ന് അടയ്ക്കണമെന്നും ഓർമിപ്പിക്കുന്നു.

ഡിജിറ്റലൈസേഷന്റെ പൂർത്തീകരണത്തിനായി എല്ലാ വൈദികരുടെയും വലിയ സഹകരണം അഭ്യർത്ഥിക്കുന്നു.

Account Number, M/s Catholic Diocese of Thamarassery
Acc No: 0428053000000010, IFSC : SIBL0000428
Branch : South Indian Bank, Thamarassery

### ഇടവക ഡിജിറ്റലൈസേഷൻ കോഡിനേറ്റർ

ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട ഇടവകയിൽ നിന്നും വിശ്വസ്തതയും കാര്യക്ഷമതയും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള ഒരാളെ തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ബഹുഭൂരിപക്ഷം ഇടവകകളിൽ നിന്നും കോഡിനേറ്റേഴ്സ് പ്രവർത്തിച്ചു വരുന്നുണ്ട്. ഡാറ്റ എൻട്രിക്കായി ഇവർക്ക് ആവശ്യമായ എല്ലാ സഹായസംവിധാനങ്ങളും നൽകാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും ഇടവകകളിൽ കോഡിനേറ്റേഴ്സ് മാറിയിട്ടുണ്ടെങ്കിലോ തെരഞ്ഞെടുത്തിട്ടില്ലെങ്കിലോ എത്രയും വേഗം ഒരാളെ നിയമിച്ച് രൂപതയിൽ അറിയിക്കുകയാണെങ്കിൽ അവർക്ക് ആവശ്യമായ ഫോർമേഷൻ നൽകുന്നതായിരിക്കും.

### കാറ്റക്കിസം ഡിജിറ്റലൈസേഷൻ കോഡിനേറ്റർ

എല്ലാ ഇടവകകളിൽ നിന്നും കാറ്റക്കിസം ടീച്ചേഴ്സിൽനിന്നും ഒരാളെ കാറ്റിക്കിസം ഡിജിറ്റലൈസേഷൻ പ്ലാറ്റ്ഫോമിന്റെ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുണ്ട്. ഈ വർഷം മുതൽ പ്ലസ് വൺ, പ്ലസ് ടു യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ, ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേന നടത്തി തുടങ്ങുകയാണ്. ഇത് സംബന്ധിച്ചുള്ള നിർദേശങ്ങൾ കാറ്റക്കിസം ഡിപ്പാർട്ട്മെന്റിൽനിന്നും അധ്യാപകർക്ക് നൽകിയിട്ടുണ്ട്. അടുത്തവർഷം സമ്പൂർണ്ണമായും കാറ്റിസം അഡ്മിനിസ്ട്രേഷൻ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ആയിരിക്കും നടക്കുക. ഏതെങ്കിലും ഇടവകകളിൽ കോഡിനേറ്റേഴ്സ് ഇല്ലെങ്കിൽ എത്രയും വേഗം നിയമിച്ച് അറിയിക്കുമല്ലോ. ബൈബിൾ നഴ്സറി മുതൽ എസിസി 15-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ വിവരങ്ങൾ ഡാറ്റാ ബാങ്കിൽ നിന്നും കാറ്റക്കിസം പ്ലാറ്റ്ഫോമിലേക്ക് സെലക്ട് ചെയ്ത് കാറ്റിക്കിസം മാനേജ്മെന്റ് സംവിധാനം ക്രമീകരിക്കുക എന്നതാണ് കാറ്റിസം കോഡിനേറ്റേഴ്സിന്റെ ഉത്തരവാദിത്വം. ബഹു. വികാരി യച്ചന്മാർ മേൽപ്പറഞ്ഞ രണ്ടു കോഡിനേറ്റേഴ്സിന്റെയും പ്രവർത്തന ങ്ങൾ വിലയിരുത്തുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്,**
**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**

# എയ്ഡർ എഡ്യൂക്കെയർ

## 1. റൈസ് ടു ഐഎഎസ് പരീക്ഷയിൽ വിജയം

സിവിൽ സർവീസ് താല്പര്യമുള്ള കുട്ടികൾക്കുവേണ്ടി റൈസ് ടു ഐ. എ. എസ് ടീമുമായി സഹകരിച്ച്നടത്തിവരുന്ന IAS മോഡൽ മെയിൻസ് പരീക്ഷ ഏപ്രിൽ 12 ന് താമരശ്ശേരി അൽഫോൻസ സ്കൂളിൽവച്ച് നടത്തി. 18 സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തുവരുന്ന ഈ പരീക്ഷയിൽ രൂപതയിൽ നിന്നും 9 വിദ്യാർഥികൾ പങ്കെടുത്തു. പ്രിലിംസ് പാസായി അർഹത നേടിയ ഈ കുട്ടികളിൽ അനീറ്റ തെരേസ അജി വേലനാത്ത്, കൂരാച്ചുണ്ട് ഇടവക മെയിൻസ് പരീക്ഷ നാലാം റാങ്കോടെ പാസാവുകയും മൂന്നാം ഘട്ടമായ ഇന്റർവ്യൂ പാസായി ഡൽഹി ട്രിപ്പിന് അർഹത നേടുകയും ചെയ്തു.

ഗ്രഫിൻ മേരി ബിനോയ് മരോട്ടിമൂട്ടിൽ മുള്ളൻകൊല്ലി, മാനന്തവാടി രൂപത, എൽസ്ന രാജേഷ് കുന്നത്തേട്ട്, കാറ്റുള്ളമല ഇടവക എന്നിവർ മെയിൻസ് ക്ലിയർ ചെയ്തു. ഗ്രഫിൻ മേരി ബിനോയ് ഏഴാം റാങ്ക് കരസ്ഥമാക്കി.

## 2. ഹൃദയപൂർവ്വം നന്ദി, സ്വാഗതം

എഡ്യൂക്കെയർ ടീമിൽ കഴിഞ്ഞ രണ്ടു വർഷം സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ ഉത്തരവാദിത്തങ്ങളിലേക്ക് കടക്കുന്ന സി. ടെസ്ന MSMI ക്ക് ടീമിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും അറിയിക്കുന്നു.

എഡ്യൂക്കെയർ ടീമിലേക്ക് ഈ വർഷം കടന്നു വരുന്ന സി. ആൻസ് SABS, സി. ജിസ്ലറ്റ് MSJ, സി. റീനറോസ് FCC എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

## 3. ടീം മീറ്റ്സ് & ഫോർമേഷൻ

എയ്ഡർ ടീം മീറ്റ് മെയ് 16 ബുധനാഴ്ച കോഴിക്കോട് പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. സി. ടെസ്ന MSMI ക്ക് യാത്രയയപ്പ് നൽകി. വരുന്ന വർഷത്തെ പദ്ധതികളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. ജൂൺ മാസത്തെ ടീം മീറ്റ് 29 ഞായറാഴ്ച ബാലുശ്ശേരി ഇടവകയിൽ വച്ച് നടത്തി.

## 4. എയ്ഡർ എഡ്യൂക്കെയർ 2024-25 അധ്യയന വർഷ ഉദ്ഘാടനം

2025-26 അധ്യായനവർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മെയ് മാസം 31 ശനിയാഴ്ച താമരശ്ശേരി ബിഷപ്സ് ഹൗസ്സിൽ വച്ച് നടന്നു. രൂപത ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട് അധ്യയനവർഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. എയ്ഡർ എഡ്യൂക്കെയർ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ അധ്യക്ഷത വഹിക്കുകയും എയ്ഡർ ഫൗണ്ടേഷൻ ഡയറക്ടർ

ഫാ. സബിൻ തൂമുള്ളിൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. റൈസ് ടു ഐഎഎസിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ മൊമെന്റോ നൽകി ആദരിക്കുകയും 2025-26 വർഷത്തെ ബ്രോഷർ പുറത്തിറക്കുകയും ചെയ്തു. സി. സജിനി പരിപാടികൾ നിയന്ത്രിക്കുകയും കഴിഞ്ഞ അധ്യയന വർഷത്തെ വിശദമായ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. എയ്ഡർ എഡ്യൂ കണക്ട് ടീമിലേക്ക് കടന്നുവന്നിട്ടുള്ള പുതിയ സിസ്റ്റേഴ്സിനെ ഔദ്യോഗികമായി സ്വാഗതം ചെയ്തു. സിസ്റ്റർ സ്നേഹ CMC പുതിയ ടീം ലീഡറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഔദ്യോഗിക പരിപാടികൾക്ക് ശേഷം ടീം ഗാതറിംഗ് ചേരുകയും ആദ്യഘട്ട ഫോർമേഷൻ നടത്തുകയും ചെയ്തു.

### 5. ഇടവക സന്ദർശനം

ജൂൺ മാസം മൂന്നാമത്തെ ആഴ്ച ബഹു.സിസ്റ്റേഴ്സ് കൊ ണ്ടോട്ടി, ഊരകം, മലപ്പുറം ഇടവകകളിൽ പാരിഷ് വിസിറ്റ് നടത്തി കുട്ടികളെ നേരിൽകണ്ട് സംസാരിക്കുകയും പ്രാഥമിക വിലയിരുത്തൽ നടത്തുകയും ചെയ്തു.

### അറിയിപ്പുകൾ

1. ജൂൺ മാസം മുതൽ പാരിഷ് വിസിറ്റുകൾ ആരംഭിക്കുന്നു. മലപ്പുറം, കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, പാറോപ്പടി ഫൊറോനകളിൽ ജൂൺ-ജൂലൈ മാസങ്ങളിൽ വിസിറ്റ് നടത്തുന്നതായിരിക്കും.

2. ജൂലൈ മാസം മുതൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികൾക്കായി ഇടവകകൾ കേന്ദ്രീകരിച്ച് ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഗോൾ സെറ്റിംഗ് ട്രെയിനിങ് നൽകുന്നു.

3. റൈസ് ടു ഐ എ എസ് പുതിയ ബാച്ച് ജൂലൈയിൽ ആരംഭിക്കുന്നു.

ഐ.എ.എസ് സിവിൽ സർവീസ് സെക്ടറിലേക്ക് നമ്മുടെ സമുദായങ്ങൾ ആയ കുട്ടികളെ വളർത്തുന്നതിനായി ഈ വർഷം ഒമ്പതാം ക്ലാസ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കുമായി വരുന്ന ഓഗസ്റ്റ് മാസത്തിൽ ഒരു സ്ക്രീനിങ് ടെസ്റ്റ് നടത്തുകയും മികച്ച മാർക്ക് നേടുന്നവരെ സിവിൽ സർവീസിലേക്ക് പ്രോത്സാഹിപ്പിക്കുകയും റൈസ് ടു ഐ.എ.എസ് പരീക്ഷ കളിലും ഫൗണ്ടേഷൻ കോഴ്സിലും ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു. രൂപത കാറ്റിക്കിസം ഡിപ്പാർട്ട്മെന്റ് സഹകരണത്തിലൂടെയാണ് പരീക്ഷ നടത്തുക. കൂടുതൽ വിവരങ്ങൾക്ക്, സി. സ്നേഹ: 8590698722

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

# ഫാമിലി അപ്പോസ്തോലേറ്റ്

**പ്രീകാനാ കോഴ്സുകൾ 2025**

| | | |
|---|---|---|
| ജൂലൈ | - | 10-12 |
| ഓഗസ്റ്റ് | - | 7-9 |
| സെപ്റ്റംബർ | - | 11-13 |

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8075935240 (whatsapp)

**ഫാ. മാത്യു കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തോലേറ്റ്

# വിശ്വാസ പരിശീലനം

### വിശ്വാസപരിശീലന വർഷാരംഭം

"നീയും പോയി അതുപോലെ ചെയ്യുക" (ലൂക്ക. 10,37) മതബോധന പ്രമേയവുമായി 2025 - 2026 വിശ്വാസപരിശീലന വർഷം ജൂൺ 1 ഞായറാഴ്ച ആരംഭിച്ചു. ഓരോ ഇടവകകളിലും വിശ്വാസപരിശീലനവർഷാരംഭം ഉദ്ഘാടനം ചെയ്യുകയും, കുട്ടികളെ എഴുത്തിന് ഇരുത്തുകയും കുടുംബവിശ്വാസപരിശീലനം ആരംഭിക്കുകയും ചെയ്തു. അന്നേ ദിവസം രാത്രി കുടുംബങ്ങളിൽ തിരി തെളിച്ച് മാതാപിതാക്കൾ കുട്ടികൾക്കായി പ്രാർഥന നടത്തുകയും മാതാവിന്റെ വിമല ഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു.

### സ്റ്റാഫ് മീറ്റിങ് - അധ്യാപകരുടെ ഒരുക്കം

2025 മെയ് 31 ഞായറാഴ്ച ഓരോ ഇടവകയിലേയും വികാരിയച്ചന്മാരുടെ അധ്യക്ഷതയിൽ അധ്യാപകർ ഒരുമിച്ചുകൂടുകയും, സ്റ്റാഫ് മീറ്റിങ് നടത്തുകയും, ഓരോ ക്ലാസ്സിലേക്കുമുള്ള അധ്യാപകരെ നിയമിക്കുകയും, വിശ്വാസപരിശീലന വർഷം കൂടുതൽ സജീവമാക്കാനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. അന്നേദിവസം അധ്യാപകർ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. ബഹു. വികാരിയച്ചന്മാർ വിശ്വാസപരിശീലകരെ ആശീർവദിച്ച് നല്ല തുടക്കത്തിനായി ആത്മീയമായി ഒരുക്കി.

### ആദരവ് 2025

ജൂൺ 7-ാം തിയതി ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് പ്രധാനാധ്യാപക സംഗമവും 2024-25 വർഷത്തെ ജൂബിലേറിയൻസിനെ ആദരിക്കലും,

അവാർഡ്ദാന ചടങ്ങും നടന്നു. ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രോഗ്രാം ഉദ്ഘാടനംചെയ്തു. രൂപതാ പ്രസിഡന്റ് ഷിബു അടാട്ട് എല്ലാവരെയും സ്വാഗതം ചെയ്തു. രൂപതാ മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ ആമുഖ സന്ദേശം നല്കി. രൂപതാ അധ്യക്ഷൻ ജൂബിലേറിയൻസിനെ ആദരിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ ആശംസകൾ അറിയിച്ചു. രൂപത സെക്രട്ടറി എല്ലാവർക്കും നന്ദി പറഞ്ഞു.

## ലൂമിന - 1 @ വിലങ്ങാട്

2025-2026 വിശ്വാസപരിശീലന വർഷത്തെ 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള ലൂമിന പ്രോഗ്രാം ആരംഭിച്ചു. ജൂൺ 15 ഞായറാഴ്ച്ച വിലങ്ങാട് മേഖലയിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം വിലങ്ങാട് ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. 80 യുവജനങ്ങൾ പങ്കെടുത്തു.

## Faith Mates -2025 STD XII പഠനശിബിരം

പന്ത്രണ്ടാം ക്ലാസ്സിലെ മാറിയ പാഠപുസ്തകം പഠിക്കുന്നതിനും, പരിചയപ്പെടുന്നതിനും വേണ്ടി പന്ത്രണ്ടാം ക്ലാസ്സിലെ എല്ലാ അധ്യാപകർക്കായുള്ള പഠനശിബിരം 2025 ജൂൺ 14ന് MST സെമിനാരി താമരശ്ശേരിയിൽ വച്ച് നടന്നു. ഷാജി കണ്ടത്തിൽ എല്ലാവരേയും സ്വാഗതം ചെയ്തു. രൂപതാ മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ ആമുഖ സന്ദേശം നല്കി. താമരശ്ശേരി രൂപതാ ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് റിസോഴ്സ് ടീം അംഗങ്ങളായ സണ്ണി കോക്കാപ്പിള്ളി, ബോണി ആനത്താനം, സോണിമോൻ, സി. ജിസ്‌ലറ്റ് MSJ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സണ്ണി കോക്കാപ്പിള്ളി എല്ലാവർക്കും നന്ദി പറഞ്ഞു. 1.15 ന് പ്രോഗ്രാം സമാപിച്ചു.

## Faith @ Home കൂരാച്ചുണ്ട്

ജനുവരി 14 ശനിയാഴ്ച്ച കൂരാച്ചുണ്ട് ഇടവകയിൽ വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരുക്കിയ Parental Catechesis പ്രോഗ്രാം നടന്നു. 205 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. രൂപതാ ടീം ക്ലാസ്സുകൾ നയിച്ചു.

## DOMUS CAT - കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാ പ്രാർത്ഥനയോടൊപ്പം പ്രാർത്ഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം. മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ ഈശോയോട് ചേർത്തുനിർത്തുവാൻ സഹായകമാകുന്ന ചില പ്രാർത്ഥനകളും പാഠങ്ങളും മാതൃകകളുമാണ് ഇതിന്റെ ഉള്ളടക്കം.

പാഠങ്ങൾ എല്ലാ ആഴ്ചയിലും അധ്യാപകരുടെ ഗ്രൂപ്പുകളിൽ നൽകുന്നു.

പാഠം 1 – കുടുംബ പ്രാർത്ഥന
പാഠം 2 – മാതാപിതാക്കൾ
പാഠം 3 – വി. കുർബാനയും, മാതാപിതാക്കളും
പാഠം 4 – ജപമാലയും മാതാപിതാക്കളും

## DOMUS QUIZ -2025

റൂബിജൂബിലിക്ക് ഒരുക്കമായി നടത്തുന്ന ഫാമിലി ഓൺലൈൻ ക്വിസ് പ്രോഗ്രാം.

തീയതി : 2025 ആഗസ്റ്റ് 15 വെള്ളി
സമയം : 8.30 pm 8.45 pm
പാഠ്യഭാഗങ്ങൾ : 'മാതാപിതാക്കളും വിശ്വാസപരിശീലനവും' ഈ പുസ്തകം മുഴുവൻ. 45 മാർക്ക് ഈ പുസ്തകത്തിൽ നിന്ന്, 5 മാർക്ക് പൊതുവിജ്ഞാനം. പുസ്തകത്തിന്റെ സ്കാൻ കോപ്പി ലിങ്ക് വഴി ലഭിക്കുന്നു.

താമരശ്ശേരി രൂപതയിലെ വേദപാഠ കുട്ടികളും മാതാപിതാക്കളും (ഒരുകുടുംബം ഒരു ടീം)

ചോദ്യങ്ങൾ ഒബ്ജക്ടീവ് ടൈപ്പ്, ഓപ്ഷൻസ് ഉണ്ടായിരിക്കും

മത്സരത്തിൽ പങ്കെടുക്കുന്നവർ അയച്ചുനൽകുന്ന ലിങ്ക് വഴി ജൂലൈ 30 ന് മുൻപ് രജിസ്റ്റർ ചെയ്യണം.

1, 2, 3 റാങ്കുകൾ വരുന്ന കുടുംബങ്ങൾക്ക് ക്യാഷ് അവാർഡും മെമെന്റോയും ഉണ്ടായിരിക്കും. കൂടാതെ 4 മുതൽ 10 വരെ സ്ഥാനങ്ങളുള്ള കുടുംബങ്ങൾക്ക് പ്രോത്സാഹനസമ്മാനം ഉണ്ടായിരിക്കും.

## Sunday School Visit

2025 ജൂൺ 1 ഞായറാഴ്ച്ച രൂപതാ മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ പയ്യനാട് ഇടവകയിൽ സന്ദർശനം നടത്തി. വി. ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും, 2025 – 2026 വിശ്വാസപരിശീലന വർഷം ഉദ്ഘാടനം ചെയ്യുകയും, എഴുത്തിനിരുത്ത് നടത്തുകയും ചെയ്തു. അധ്യാപകരേയും കുട്ടികളേയും കണ്ട് വിശ്വാസപരിശീലനം വിലയിരുത്തി.

### ലൂമിന – 2 @ കൂടരഞ്ഞി (തിരുവമ്പാടി മേഖല –1)

ജൂൺ 22 ഞായറാഴ്ച തിരുവമ്പാടി മേഖലയിലെ കൂടരഞ്ഞി, മഞ്ഞക്കടവ്, കുളിരാമുട്ടി, പൂവാറൻതോട്, തേക്കുംകുറ്റി എന്നീ ഇടവകകളിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം കൂടരഞ്ഞി ദേവാലയത്തിൽ വച്ച് നടന്നു. 123 യുവജനങ്ങൾ പങ്കെടുത്തു.

## ACC 13, 14, 15 Online Class

ACC 13 " ബൈബിൾ ദൈവനിവേശിത ഗ്രന്ഥം " എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ്പുത്തൻപുരക്കലും, " തോമാശ്ലീഹാ ഭാരതത്തിലെത്തിയതിനു തെളിവുകൾ "എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. ജോർജ് പുരയിടത്തിലും ക്ലാസ്സ് എടുത്തു.

ACC 14 "ബൈബിൾ എന്തിനു വായിക്കണം" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് പുത്തൻപുരക്കലും, "ഏകദൈവവിശ്വാസം ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം " എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് പുരയിടത്തിലും ക്ലാസ്സ് എടുത്തു.

ACC 15: "ക്രിസ്തീയ ജീവിതത്തിൽ വചനത്തിന്റെ പ്രാധാന്യം" "ത്രിത്വൈക ദൈവവിശ്വാസം യുക്തിഭദ്രമോ" എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

ACC 13, 14, 15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Faith @ Home, Faith Mates, എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### ആമുഖസെമിനാർ

2025-2026 അധ്യായനവർഷത്തിലെ നവാഗതരായ അധ്യാപകർക്കായുള്ള ആമുഖസെമിനാർ ജൂൺ 27, 28, 29 (വെള്ളി, ശനി, ഞായർ) തീയതികളിൽ പി.എം.ഒ.സി യിൽ വച്ച് നടന്നു.

### ജൂലൈ 2025

03. 07. 25 വ്യാഴം: മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (കടമുള്ള ദിവസം)

05. 07. 25 ശനി: പ്രാഥമിക റിപ്പോർട്ട്, മതാധ്യാപക സർവേ, വാർഷിക റിപ്പോർട്ട് (2024-2025) എന്നിവ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി.

06. 07. 25 ഞായർ: ശ്ലീഹാക്കാലം 5-ാം ഞായർ
ലൂമിന 3: കോടഞ്ചേരി മേഖല- 1 @ ചെമ്പുകടവ് (ചെമ്പുകടവ്, കണ്ണോത്ത്, മഞ്ഞുവയൽ, മഞ്ഞുമല, കൂരോട്ടുപാറ)

13. 07. 25 ഞായർ: ശ്ലീഹാക്കാലം 6-ാം ഞായർ
ACC 13,14,15 Online Class - 3
ലൂമിന 4: തോട്ടുമുക്കം - 1 പുഷ്പഗിരി (കക്കാടംപൊയിൽ,

വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, കോനൂർക്കണ്ടി, പുഷ്പ ഗിരി, മരംഞ്ചാട്ടി)

14. 07. 25 തിങ്കൾ: Power Cell 1 ഊരകം സെന്റർ (കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ)

15. 07. 25 ചൊവ്വ Power Cell 2 പാലൂർക്കോട്ട സെന്റർ (മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട)

16. 07. 25 ബുധൻ: കർമല മാതാവ്, Power Cell 3 പാത്തിപ്പാറ സെന്റർ (കൂരാച്ചുണ്ട്, കരികണ്ടൻപാറ, പാത്തിപ്പാറ, കാറ്റുള്ളമല)

19. 07. 25 ശനി: HCC, ACC ക്ലാസുകളിലെ ആപ്ലിക്കേഷൻ ഫോമുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി

20. 07. 25 ഞായർ: ശ്ലീഹാക്കാലം 7-ാം ഞായർ
ലൂമിന 5 താമരശ്ശേരി 1 @ താമരശ്ശേരി (താമരശ്ശേരി, കൂടത്തായ്, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, കൂമുള്ളി, വയലിട)

21. 07. 25 തിങ്കൾ: Power Cell 4 ഈരൂട് സെന്റർ (കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട്)

22. 07. 25 ചൊവ്വ: വി. മഗ്ദലേന മറിയം

23. 07. 25 ബുധൻ: Power Cell 5 പശുക്കടവ് സെന്റർ (മരുതോങ്കര, ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട്)

25. 07. 25 വെള്ളി: വി. യാക്കോബ് ശ്ലീഹാ

26. 07. 25 ശനി: വി. യൊവാക്കിമും വി. അന്നയും (വയോധിക ദിനം)

27. 07. 25 ഞായർ: കൈത്താക്കാലം 1-ാം ഞായർ
ലൂമിന 6 : തിരുവമ്പാടി മേഖല - 2 @ ആനക്കാംപൊയിൽ (പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ്)
ACC 13, 14, 15 Online Class 4

28. 07. 25 തിങ്കൾ: വി. അൽഫോൻസാമ്മ (രൂപതാ മധ്യസ്ഥ)

29. 07. 25 ചൊവ്വ: Power Cell 7: @ പാതിരിക്കോട് സെന്റർ (കരുവാരകുണ്ട് മേഖലയിലെ മുഴുവൻ ഇടവകകളും)

31. 07. 25 വ്യാഴം: വി. ഇഗ്നേഷ്യസ് ലയോള
Power Cell 8: കക്കയം സെന്റർ (കല്ലാനോട്, കക്കയം, കരിയാത്തുംപാറ)

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

**ഒപ്പം**

എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുന്നു. ജൂൺ മാസത്തിൽ നരിനട, പൂഴിത്തോട്, മുതുകാട്, വയലിട എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

**ഒരുക്കം**

ശനിയാഴ്ചകളിൽ വിവിധ ഇടവകകൾ സന്ദർശിച്ച് അൾത്താര ശുശ്രൂഷികൾക്ക് പരിശീലനം നൽകുന്നു. ജൂൺ മാസത്തിൽ കോടഞ്ചേരി, തിരുവമ്പാടി ഇടവകകൾ സന്ദർശിച്ച് പരിശീലനം നൽകി. അൾത്താര ശുശ്രൂഷികൾക്ക് പരിശീലനം നൽകാൻ താല്പര്യപ്പെടുന്ന വികാരിയച്ചന്മാർ 9747036300 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്**

രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ അൾത്താര ശുശ്രൂഷികൾക്കായി നടന്നു കൊണ്ടിരിക്കുന്ന ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ് പുനരാരംഭിച്ചു. പ്രസ്തുത ഓൺലൈൻ കോഴ്സ് എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7:30 മുതൽ 8:30 വരെയാണ്. കഴിഞ്ഞവർഷം പഠിച്ചു കൊണ്ടിരുന്നവരുടെ കോഴ്സ് പൂർത്തിയായ ശേഷമായിരിക്കും പുതിയ ബാച്ച് ആരംഭിക്കുക.

**ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

അൾത്താര ശുശ്രൂഷകർക്ക് ബഹു. അച്ചന്മാർ നല്കുന്ന പരിശീലനത്തിനും പ്രോത്സാഹനത്തിനും ഏറെ സ്നേഹത്തോടെ നന്ദി പറയുന്നു. എല്ലാ ഇടവകയിലും യൂണിറ്റ് ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഉണ്ടായിരിക്കണം. ജൂലൈ 13 ന് മുൻപ് ഭാരവാഹികളെ തിരഞ്ഞെടുത്ത് പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അയച്ചുതരുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ് കുമ്പുക്കൽ**
ഡയറക്ടർ: വൊക്കേഷൻ ബ്യൂറോ, SMART

# കരുണാഭവൻ

കഴിഞ്ഞ ഒരു വർഷക്കാലം കരുണാഭവനിൽ ശുശ്രൂഷചെയ്ത സി. ജിൻസി മരിയ SD സ്ഥലംമാറി. സിസ്റ്ററിന്റെ വലിയ ശുശ്രൂഷക്ക് കരുണാഭവൻ നന്ദി അറിയിച്ചു പ്രർഥിച്ചു.

കരുണാഭവനിലേക്ക് പുതുതായി സി. ഫിലമിൻ SD എത്തിച്ചേർന്നു. സിസ്റ്ററിന് കരുണാഭവൻ സ്വാഗതം ചെയ്തു.

കരുണാഭവനിൽ ഈ മാസം ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആളുകൾ വരുകയും സഹായിക്കുകയും ചെയ്തു. ജൂൺമാസം തിരുഹൃദയപ്രതിഷ്ഠ നടത്തി കരുണാഭവനെ സമർപ്പിച്ചു പ്രാർഥിച്ചു. ജൂൺ 11 ന് അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിനുവേണ്ടി ദിവ്യബലിയർപ്പിച്ചു പ്രാർഥിച്ചു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# പി.എം.ഒ.സി.

പി.എം.ഒ.സി. ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹു. കുര്യൻ പുരമഠത്തിലച്ചന് ഹൃദയം നിറഞ്ഞ നന്ദി.

2025 മെയ് 11 ന് പി.എം.ഒ.സി. ഡയറക്ടറായി ബഹു. ഫാ. റോയി തേക്കുംകാട്ടിൽ ചുമതലയേറ്റു. ബഹു. ഫാ. ലിൻസ് മുണ്ടയ്ക്കൽ മീഡിയ അസി. ഡയറക്ടറായും കുടുംബകൂട്ടായ്മ, മാതൃവേദി, ഡയറക്ടറായി ബഹു. ഫാ. വർഗീസ് പനയ്ക്കൽ എന്നിവരും ചുമതലയേറ്റു.

ജെ.പി.ഐ. ഡയറക്ടർ കുര്യനച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങൾ നവാഗതരെ സ്വാഗതം ചെയ്തു.

**ഫാ. റോയി തേക്കുംകാട്ടിൽ**
ഡയറക്ടർ, പി.എം.ഒ.സി.

# സെമിനാരി വാർത്തകൾ

### അധ്യയന വർഷാരംഭം

വേനലവധിക്ക് ശേഷം ജൂൺ ഒന്നാം തീയതി മൂന്നാം വർഷക്കാരും ഏഴാം തീയതി രണ്ടാം വർഷക്കാരും തങ്ങളുടെ മാതൃഭവനമായ സെമിനാരിയിലേക്ക് തിരിച്ചെത്തി. പുത്തൻ പ്രതീക്ഷ കളും, സ്വപ്നങ്ങളുമായി നവോന്മേഷത്തോടെ 2025 - 2026 അധ്യയന വർഷം ആരംഭിച്ചു.

### ബെഞ്ചമിൻസിന് സ്വാഗതം

'പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു' (മർക്കോസ് 3,13). 2025 - 26 അധ്യയന വർഷത്തിലെ 16 നറുമലരുകൾ ജൂൺ പതിനാലാം തീയതി ഉച്ചകഴിഞ്ഞ് രണ്ടു മണിയോടുകൂടി മാതാ പിതാക്കൾക്കൊപ്പം തങ്ങളുടെ പുതിയ ഭവനമായ സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിൽ എത്തിച്ചേർന്നു. സെമിനാരി കുടുംബം മുഴുവൻ ഹൃദയം നിറഞ്ഞ സന്തോഷത്തോടെ അവരെ വരവേറ്റു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

### പ്രേഷിതഭേരി 2025

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെയും, താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻലീഗ്-തിരുബാലസഖ്യം സംഘടനകളുടെയും പ്രവർത്തനവർഷ ഉദ്ഘാടനം പ്രേഷിതഭേരി 2025 കോടഞ്ചേരി ശാഖയിൽ വച്ച് താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. എബ്രഹാം വയലിൽ നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ചു. കോടഞ്ചേരി ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ, സംസ്ഥാന വൈസ് ഡയറക്ടർ ഫാ. ജിതിൻ വേലിക്കകത്ത്, താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ എന്നിവരും സംസ്ഥാന, രൂപത സമിതിഅംഗങ്ങളും പങ്കുചേർന്നു. 2025-26 വർഷത്തെ സി.എം.എൽ,

തിരുബാലസഖ്യം സംഘടനകളുടെ പ്രവർത്തന മാർഗരേഖകളുടെ പ്രകാശനവും നിർവഹിച്ചു.

### പ്രേഷിത കൂടാരം

ഈ വർഷത്തെ പ്രേഷിത കൂടാരം പരിപാടിയുടെ ഉദ്ഘാടനം കല്ലുരുട്ടി ശാഖയിൽ വച്ച് നടത്തപ്പെട്ടു. തുടർന്ന് പയ്യനാട്, ചീരട്ടാമല, മഞ്ചേരി എന്നീ ഇടവകകളിലും പ്രേഷിത കൂടാരം പരിപാടി നടന്നു.

### പന്തക്കുസ്ത ഒരുക്കപ്രാർഥന

പന്തക്കുസ്ത തിരുനാളിന് ഒരുക്കമായി 9 ദിവസം പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനായി വചനഭാഗവും പ്രാർഥനയും പങ്കുവെച്ചു.

### ലോക ദൈവവിളിദിനം

ലോക ദൈവവിളി ദിനമായ മെയ് 11 ന് സി എം എൽ അംഗങ്ങൾ ദൈവവിളിക്കുവേണ്ടി പ്രാർത്ഥിച്ചു.

### പരിസ്ഥിതി സംരക്ഷണ യജ്ഞം

റൂബി ജുബിലിയോടനുബന്ധിച്ച് മെയ് 10ന് നടന്ന ചുരം ശുചീകരണ പരിപാടിയിൽ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളും പങ്കുചേർന്നു.

### കയ്യെഴുത്തു മാസിക തയ്യാറാക്കൽ മത്സരം

'ദൈവ കേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ മത്സരത്തിൽ വിവിധ ശാഖകൾ പങ്കെടുത്തു.

### വിജയികൾ (A+)

1st - കുപ്പായക്കോട് ശാഖ
2nd - തിരുവമ്പാടി ശാഖ & കൂരാച്ചുണ്ട് ശാഖ
3rd - കൂടരഞ്ഞി ശാഖ & ചക്കിട്ടപ്പാറ ശാഖ

### A ഗ്രേഡ് നേടിയ ശാഖകൾ

- കല്ലാനോട് ശാഖ
- കണ്ണോത്ത് ശാഖ
- പുല്ലൂരാംപാറ ശാഖ
- കട്ടിപ്പാറ ശാഖ
- വേനപ്പാറ ശാഖ
- കൊണ്ടോട്ടി ശാഖ

### കുഞ്ഞേട്ടൻ സ്കോളർഷിപ്പ് അപേക്ഷ

2024 –25 അധ്യയന വർഷത്തിൽ പത്താം ക്ലാസിൽ വാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് നേടുകയും ചെറുപുഷ്പ മിഷൻ ലീഗിൽ

സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്കായി സംസ്ഥാന തലത്തിൽ ഏർപ്പെടുത്തി യിരിക്കുന്ന കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുകയും മേഖലകളിൽ നിന്ന് ഓരോ കുട്ടിയെ തിരഞ്ഞെടുത്ത് അപേക്ഷ രൂപതയിൽ എത്തിക്കുകയും ചെയ്തു.

### തിരുഹൃദയതാളം

തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ ജൂൺ മാസത്തിൽ എല്ലാ ദിവസവും 'തിരുഹൃദയതാളം 'വീഡിയോ പങ്കുവെക്കുകയും സുകൃതജപവും തിരുവചനവും പഠിച്ച് തിരുഹൃദയ തിരുനാളിന് ഒരുങ്ങുകയും ചെയ്തു.

### അറിയിപ്പുകൾ

ചെറുപുഷ്പ മിഷൻലീഗ് കലാ-സാഹിത്യ മത്സരങ്ങൾക്കുള്ള പ്രായപരിധി സംസ്ഥാന മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2025-26 പ്രവർത്തനവർഷം മുതൽ സൂപ്പർ സീനിയർ വിഭാഗത്തെ എൽഡേഴ്സ് (30 വയസ്സിന് മുകളിൽ ഉള്ളവർ) എന്ന ഒരു വിഭാഗം കൂടെ ആക്കി പുന:ക്രമീകരിച്ചിട്ടുണ്ട്.

സബ്ജൂനിയർ - 2013 ജനുവരി 1 നോ ശേഷമോ ജനിച്ചവർ
ജൂനിയർ - 2010 ജനുവരി 1- 2012 ഡിസംബർ 31
സീനിയർ - 2006 ജനുവരി 1 - 2009 ഡിസംബർ 31
സൂപ്പർ സീനിയർ - 1996 ജനുവരി 1 - 2005 ഡിസംബർ 31
Elders - 1996 ജനുവരി 1ന് മുമ്പ് ജനിച്ചവർ

### കലാ - സാഹിത്യമത്സര വിഷയങ്ങൾ

പ്രസംഗം (സബ് ജൂനിയർ )

- വിശുദ്ധർ - സ്വർഗ്ഗോന്മുഖ യാത്രയിലെ വഴികാട്ടി

പ്രസംഗം (ജൂനിയർ)

- വിശ്വാസത്തിന്റെ കൈമാറ്റവും സ്ഥിരീകരണവും ആധുനിക കാലഘട്ടത്തിൽ

### ക്രൈസ്തവ ജീവിതം ഒരു തീർഥയാത്ര

**പ്രസംഗം:**

സീനിയർ - വി. ലൂക്ക 17
സൂപ്പർ സീനിയർ - വി. ലുക്ക 18
എൽഡേഴ്സ് - വി. ലുക്ക 19

**ഉപന്യാസം, ചെറുകഥ, കവിത:**

ജൂനിയർ - വി. ലുക്ക 20
സീനിയർ - വി. ലുക്ക 21

സൂപ്പർ സീനിയർ- വി. ലൂക്ക 22
എൽഡേഴ്സ് - വി. ലൂക്ക 24

**മിഷ്യൻ ക്വിസ്:**

ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ, എൽഡേഴ്സ്

1. വിശുദ്ധ പൗലോസ് എഫേസോസിലെ സഭയ്ക്ക് എഴുതിയ ലേഖനം 01-06 (40%)
2. പ്രേഷിത വഴിയിലെ വിജയഗാഥ അധ്യായങ്ങൾ 14 -19 (30%)
3. എന്റെ മിഷൻലീഗ് (20%)
4. സഭ (10%)

## മാർ മങ്കുഴിക്കരി ഉപന്യാസം മത്സരവും മേഖല ഭാരവാഹികളുടെ തിരഞ്ഞെടുപ്പും

മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരവും മേഖല സീനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും വിവിധ മേഖല കേന്ദ്രങ്ങളിൽ വച്ച് 29-06-2025 ന് 2 മുതൽ 4 വരെ നടത്തപ്പെടുന്നു.

**നിബന്ധനകൾ:-** (1) രണ്ടു പ്രായ വിഭാഗത്തിലാണ് മത്സരം: ജൂനിയർ വിഭാഗം (7-9 ക്ലാസ്സുകൾ) സീനിയർ വിഭാഗം (10-12 ക്ലാസ്സുകൾ) (2) രണ്ട് വിഭാഗത്തിലും ആൺ, പെൺ വ്യത്യാസമില്ലാ തെയാണ് മത്സരം (3) രചനകൾ നാലു പേജിൽ കവിയരുത് (4) A4 പേപ്പറിന്റെ ഒരു വശത്ത് മാത്രമേ എഴുതാൻ പാടുള്ളൂ. (5) രണ്ട് പ്രായ വിഭാഗത്തിലെയും മേഖലയിൽ നിന്നുള്ള മികച്ച രചനകൾ (2 വീതം) രൂപതയിൽ എത്തിക്കുന്നു. (6) ഈ വർഷത്തെ പഠന വിഷയത്തോട് ചേർന്നതും ആനുകാലിക പ്രാധാന്യമുള്ളതു മായ ഒരു വിഷയമായിരിക്കും ഉപന്യാസ മത്സരത്തിന് നൽകുക.

## എയ്ഞ്ചൽസ് മീറ്റ് 2k25

നമ്മുടെ രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് 2024-25 പ്രവർത്തന വർഷത്തിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ രൂപതാ സംഗമം 'എയ്ഞ്ചൽസ് മീറ്റ് - 2k25' 2025 ജൂലൈ 12 ശനിയാഴ്ച പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് നടത്തപ്പെടുന്നു.

അന്നേ ദിനം സിഎംഎൽ രൂപത മാനേജിംഗ് കമ്മിറ്റിയും വൈസ് ഡയറക്ടേഴ്സ് & ഓർഗനൈസേഴ്സ് സംഗമവും തിരുബാലസഖ്യം ആനിമേറ്റേഴ്സ് സംഗമവും നടത്തപ്പെടുന്നു.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ: ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

# കരിസ്മാറ്റിക് മൂവ്മെന്റ്

## 2k25 പന്തക്കുസ്താ തിരുന്നാൾ

കോഴിക്കോട് സോണിലെ പന്തക്കുസ്താ തിരുനാളാഘോഷവും അഭിഷേകശുശ്രൂഷയും ജൂൺ 7 ന് അശോകപുരം ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് നടത്തി. സോളി സണ്ണി ജപമാലയ്ക്കും ജോസ് കീരിപ്പടവിൽ സ്തുതി ആരാധനയ്ക്കും നേതൃത്വം നൽകി. സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും അഭിഷേക ആരാധന നടത്തുകയും ചെയ്തു. മുൻ NST ചെയർമാൻ ബ്ര. ജോയി ആന്റണി മുഖ്യ പ്രഭാഷണം നടത്തി. KCSCസർവ്വീസ് ടീം മെമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ട ഡോ. ഫ്രാൻസീസ് ആറാടനെ ആദരിച്ചു.

## KCSC പുന:സംഘടന

മെയ് 27, 28 തീയതികളിൽ എമ്മാവൂസിൽ വച്ച് നടന്ന KCSC യുടെ പുന:സംഘടനയിൽ കോഴിക്കോട് സോണിനെ പ്രതിനിധീകരിച്ച് 9 പേർ പങ്കെടുത്തു. ഡോ. ഫ്രാൻസിസ് ആറാടൻ KCSC സർവീസ് ടീം മെമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന് കോഴിക്കോട് സോണിന്റെ ആശംസകളും പ്രാർഥനകളും നേരുന്നു.

## ജൂബിലേവൂസ് - 2026

സുവർണ്ണജൂബിലി സഹസ്രദിന ഉപവാസ പ്രാർത്ഥന ജൂബിലേവൂസ്-2026, ജൂൺ 20 ന് മാങ്കാവ് ഇടവകയിൽ വച്ച് നടന്നു. ജപമാലയ്ക്കും സ്തുതി ആരാധനയ്ക്കും ശേഷം സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ മുഖ്യപ്രഭാഷണം നടത്തി. സബ്സോൺ ആനിമേറ്റർ ഫാ. ബിനോയി ചുനയൻമാക്കൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. സ്തുതി ആരാധനയ്ക്ക് ബേബി പഴംപ്ലാക്കലും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് ജോസ് കിഴക്കയിലും നേതൃത്വം നൽകി. ഇടവക വികാരി ഫാ. ജോസഫ് താണ്ടാം പറമ്പിലച്ചനോടൊപ്പം സബ്സോൺ സർവ്വീസ് ടീം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ആനിമേറ്റർ, കരിസ്മാറ്റിക് മൂവ്മെന്റ്

# കെ.സി.വൈ.എം. എസ്.എം.വൈ.എം

## ഹൃദ്യം

മെയ് 25 പ്രത്യാശയുടെ വർഷത്തിൽ, നമ്മുടെ സാന്നിധ്യം കൊണ്ട് അഗതിമന്ദിരത്തിലെ പ്രിയപ്പെട്ടവരുടെ ഹൃദയം നിറയ്ക്കാൻ ഹൃദ്യമായി ഒരു കൂടിക്കാഴ്ച മെയ് 25 ഞായറാഴ്ച വെള്ളിമാടുകുന്ന് കരുണാഭവനിൽ കുന്ദമംഗലം യൂണിറ്റിന്റെ നേതൃത്വത്തിൽ പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ അഗതിമന്ദിര സന്ദർശനം നടത്തപ്പെട്ടു.

## സംസ്ഥാന റിസോഴ്സ് ട്രെയിനിങ് പ്രോഗ്രാം

ജൂൺ 7, 8 തീയതികളിൽ എറണാകുളം, കാക്കനാട് രാജഗിരി ഫോർ ബിസിനസ്സ് സ്റ്റഡീസിൽ വച്ച് നടന്ന കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന റിസോഴ്സ് ടീമിന്റെ ട്രെയിനിങ് പ്രോഗ്രാമിന് രൂപതയിൽനിന്നും അജിത്ത് ജിജോ പങ്കെടുത്തു.

## അത്‌ലെറ്റിക്കോസ് 5.0

ജൂൺ 14ന് കളത്തിൽ ആവേശക്കൊടിപാറിച്ച് കോർട്ടിൽ പോരാട്ട വീര്യത്തോടെ കണ്ടുനിന്നവരിൽ കൗതുകം നിറച്ച അത്‌ലെറ്റിക്കോസ് 5.0 ബാസ്കറ്റ്ബോൾ ടൂർണമെന്റ് താമരശ്ശേരി സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രൊക്കുറേറ്റർ ഫാ. ബെന്നി മുണ്ടനാട്ട് ഉദ്ഘാടനം ചെയ്ത മത്സരത്തിൽ ചാമ്പ്യൻസ് കിരീടം കൂടരഞ്ഞി യൂണിറ്റ് സ്വന്തമാക്കി യപ്പോൾ രണ്ടാം സ്ഥാനം മരഞ്ചാട്ടി യൂണിറ്റും സ്വന്തമാക്കി. വിജയികൾക്ക് താമരശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ട്രോഫിയും ക്യാഷ് പ്രൈസും വിതരണം ചെയ്തു. ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ആനിമേറ്റർ സി. റൊസീൻ SABS, രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, സ്പോർട്സ് വിംഗ് ഇൻചാർജ് രോഹിത്, സെക്രട്ടറി അഞ്ചൽ, ഡെൽബിൻ, സാന്ദ്ര, ആഗ്നസ് തുടങ്ങിയവർ നേതൃത്വം നൽകി.

## തോമസ് മൂർ ദിനാചരണം

ജൂൺ 22 ന് കെ.സി.വൈ.എം - എസ്.എം.വൈ.എം കോടഞ്ചേരി യുണിറ്റിൽ വച്ച് യുവജനങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥൻ തോമസ് മൂറിന്റെ അനുസ്മരണദിനവും സംഘടനയിലേക്ക് പുതിയതായി ചേരുന്ന യുവജനങ്ങൾക്ക് അംഗത്വസ്വീകരണവും സംഘടിപ്പിച്ചു. രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ

അധ്യക്ഷത വഹിച്ച യോഗം കോടഞ്ചേരി ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജിയോ കടുകൻമാക്കൻ സ്വാഗതവും, രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ അനുഗ്രഹപ്രഭാഷണവും, യൂണിറ്റ് ആനിമേറ്റർ സി. ജൂലിയ MLF, മേഖല പ്രസിഡന്റ് സാന്ദ്രാ നോബിൾ എന്നിവർ ആശംസയും നേർന്നു. 10,+2 പരീക്ഷകൾക്ക് ഉന്നതവിജയം നേടിയവർക്ക് സമ്മാന വിതരണവും, കലാപരിപാടികളും ഉണ്ടായിരുന്നു. രൂപതാ ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, വൈസ് പ്രസിഡന്റ് ബോണി സണ്ണി, സെക്രട്ടറി അഞ്ചൽ, അലോണ മറ്റ് മേഖലാ ഭാരവാഹികളും ചടങ്ങിൽ പങ്കെടുത്തു.

### സംസ്ഥാനതല തോമസ് മൂർ ദിനാചരണം

തൃശ്ശൂർ അതിരൂപതയുടെ ആതിഥേയത്വത്തിൽ കണ്ണംകുളങ്ങര ക്രിസ്തുരാജ ദൈവാലയത്തിൽ വച്ച് നടന്ന കെ.സി.വൈ.എം- എസ്.എം.വൈ.എം സംസ്ഥാന സമിതിയുടെ തോമസ് മൂർ ദിനചാരണത്തിലും തുടർന്നുള്ള സിൻഡിക്കേറ്റ് യോഗത്തിലും താമരശ്ശേരി രൂപതയിൽനിന്നും സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപ്പാറ, ചെൽസിയ എന്നിവർ പങ്കെടുത്തു.

### വരും മാസത്തെ പ്രവർത്തനങ്ങൾ

**ജൂലൈ 6:** യുവജന ഞായർ, അംഗത്വ സ്വീകരണം, Y-Talks (യൂത്ത് ടോക്ക്സ്) വീക്ക്

**ജൂലൈ 18,19,20:** ഫോളിയ പ്രകൃതി പഠനക്യാമ്പ് കക്കാടം പൊയിലിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും

**ജൂലൈ 24:** ബിഷപ്സ് ഹൗസിൽ വച്ച് മുൻകാല ഡയറക്ടറച്ചന്മാർ, ആനിമേറ്റർമാർ, നേതാക്കന്മാർ എന്നിവരുടെ സംഗമം നടത്തപ്പെടുന്നു.

**പള്ളിമുറ്റം:** ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ, ആനിമേറ്റർ എന്നിവരുടെ നേതൃത്വത്തിൽ യുവജങ്ങൾ ഒത്തു കൂടുന്നു.

**സ്നേഹപൂർവ്വം:** കെസിവൈഎം പൊതിച്ചോറ് വിതരണം തിരുവമ്പാടി മേഖല

### മേഖലാ അർദ്ധ വാർഷിക സെനറ്റ് സമ്മേളനങ്ങൾ ആരംഭിക്കുന്നു.

| | | |
|---|---|---|
| ജൂലൈ 20 | : | കൂരാച്ചുണ്ട്-താമരശ്ശേരി |
| ജൂലൈ 27 | : | കോടഞ്ചേരി-തിരുവമ്പാടി-തോട്ടുമുക്കം |
| | : | പെരിന്തൽമണ്ണ-കരുവാരുകുണ്ട്-മലപ്പുറം |
| ഓഗസ്റ്റ് 3 | : | മരുതോങ്കര-വിലങ്ങാട് |
| | : | പാറോപ്പടി |

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, KCYM- SMYM

# സ്റ്റാർട്ട്

## PROFESSIONAL FOUNDATION TRAINING (PFT)

### പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഏകവത്സര കോഴ്സ്

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകുന്ന റിസേർച്ച് & ട്രെയിനിംഗ് സെന്ററായ സ്റ്റാർട്ടിൽ നടത്തപ്പെടുന്ന പ്രധാനപ്പെട്ട കോഴ്സുകളാണ് പ്ലസ്ടു പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി താമസിച്ചു കൊണ്ടുള്ള ഏകവത്സര കോഴ്സായ പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിങ്ങും (PFT), ഇന്റഗ്രേറ്റഡ് റെസിഡൻഷ്യൻ പ്ലസ് ടുവും. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാ ശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും (IITs, NITs, IIMS) അഡ്മിഷൻ നേടി, മികവുറ്റവിധം പഠനം പൂർത്തിയാക്കി, നേതൃപദവികളിൽ എത്തുവാൻ പ്ലസ് ടുവിനോടൊപ്പവും പ്ലസ്ടുവിന് ശേഷവും കുട്ടികളെ പ്രാപ്തരാക്കുന്നു.

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ Professional Foundation Training (PFT) 20ാമത് ബാച്ച് ക്ലാസുകൾ ജൂൺ 25ന് ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു. താൽപര്യമുള്ള വിദ്യാർത്ഥി കൾക്കും രക്ഷിതാക്കൾക്കും ഇപ്പോഴും രജിസ്റ്റർ ചെയ്യാം.

### Residential പ്ലസ് വൺ /പ്ലസ് ടു ക്ലാസുകൾ ആരംഭിച്ചു:

START നടത്തുന്ന Residential Plus Two - Humanities & Commerce ബാച്ചുകൾ ജൂൺ 2025-ൽ ആരംഭിച്ചു. ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തി നടത്തുന്ന ഈ കോഴ്സുകൾക്ക് വിദ്യാർത്ഥികളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. ഇപ്പോൾ തന്നെ 40-ലധികം വിദ്യാർത്ഥികൾ പഠനം ആരംഭിച്ചിരി ക്കുന്നു. പ്ലസ് ടു വിദ്യാർത്ഥികൾ ജൂൺ 3-നു ക്യാംപസിൽ എത്തി. പ്ലസ് വൺ ബാച്ച് വിദ്യാർത്ഥികൾ ജൂൺ 18-ന് ക്ലാസുകൾക്കായി എത്തിയിട്ടുണ്ട്. പാഠഭാഗങ്ങൾ ഇംഗ്ലീഷ് മീഡിയത്തിലായിരിക്കും. രണ്ടാം ഭാഷയായി മലയാളം അല്ലെങ്കിൽ ഹിന്ദി തിരഞ്ഞെടുക്കാം. Commerce Stream: അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, പോളിറ്റിക്കൽ സയൻസ്. Humanities Stream: ഹിസ്റ്ററി, സോഷോളജി, ഇക്കണോമിക്സ്, പോളിറ്റിക്കൽ സയൻസ്.

## Residential Plus Two പരിശീലനവും സാധ്യതകളും:

- വിദേശഭാഷ പരിശീലനം: ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ
- IELTS പരിശീലനം: വിദേശ പഠനമോ, ജോലിക്കായുള്ള ഒരുക്കം
- AI & amp; Python: ടെക്നോളജിയിൽ താൽപര്യമുള്ളവർക്ക്
- MS Office, Tally: കംപ്യൂട്ടർ അടിസ്ഥാന പരിശീലനം
- All India Level: പ്രവേശന പരീക്ഷകളുടെ തുടക്ക പരിശീലനം
- (CUET, CLAT, KEAM, IPM, NID, CAT, CUSAT, UPSC Foundation, SSC, Defence തുടങ്ങിയവ)
- അഡ്മിഷൻ തുടരുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഇപ്പോഴും രജിസ്റ്റർ ചെയ്യാം.

## AI & PYTHON കോഴ്സ് നാലാമത്തെ ബാച്ച് ആരംഭിക്കുന്നു

START നേതൃത്വത്തിൽ AI (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), Python പ്രോഗ്രാമിംഗ്, Machine Learning, Data Science തുടങ്ങിയ വിഷയങ്ങളിലേക്കുള്ള ഒരു വർഷ ദൈർഘ്യമുള്ള പരിശീലന കോഴ്സ് ജൂലൈ 5, 2025 മുതൽ ആരംഭിക്കുന്നു.

- ക്ലാസുകളുടെ ഭൂരിഭാഗവും ഓൺലൈനായിരിക്കും
- ഓരോ ഘട്ടവും വിജയകരമായി പൂർത്തിയാക്കാൻ പഠന പദ്ധതി (Project) സമയത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്
- അപേക്ഷിക്കുവാനുള്ള കുറഞ്ഞ യോഗ്യത: പ്ലസ് ടു വിജയിച്ചിരിക്കണം
- പ്രായപരിധിയില്ല. ടെക്നോളജിയിൽ താല്പര്യവുമുള്ള ആർക്കും അപേക്ഷിക്കാം.
- സ്വന്തം ലാപ്ടോപ്പ് അല്ലെങ്കിൽ കമ്പ്യൂട്ടർ നിർബന്ധമാണ്
- ടെക്നോളജി മേഖലയിൽ അടിസ്ഥാന അറിവുള്ളവർക്കും താത്പര്യമുള്ളവർക്കും ഈ കോഴ്സ് വളരെ ഉപകാരപ്പെടും
- ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്: റോബോട്ടിക്സും AI വിദഗ്ധനായ റെൻജി ജോൺ.
- ഇത് കൃത്യമായ ഗൈഡൻസും മാർഗനിർദ്ദേശവുമൊപ്പമുള്ള, സമയബന്ധിത പഠനപരിപാടിയാണ്.
- ടെക്നോളജി മേഖലയിൽ കരിയർ, പുതിയ അറിവ് തേടുന്നവർക്കും ഈ കോഴ്സ് ഉത്തമമായ അവസരമാകും.

## സ്റ്റാർട്ടിൽ കരിയർ ഗൈഡൻസ് ക്ലാസും വേദിക് മാത്ത്സ് പരിശീലനവും

കോഴിക്കോട് സ്റ്റാർട്ടിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് വർക്ക്ഷോപ്പ് നടന്നു. വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളും പങ്കെടുത്ത ഈ പരിപാടിക്ക് അമൽ ജോയ് നേതൃത്വം നൽകി. പഠന സാധ്യതകളും ഭാവിജോലികളെയും കുറിച്ച് വിശദീകരിച്ച ഈ ക്ലാസിൽ പങ്കെടുത്തവർക്കെല്ലാം പുതിയ ആശയങ്ങളും ഉറപ്പും നൽകി.

ഗണിത അധ്യാപകർക്ക് വേണ്ടി നടത്തിയ Vedic Maths Workshop ന് പ്രശസ്ത ട്രെയിനറായ ഗീത ശശി നേതൃത്വം നല്കി. കണക്കു പഠനം എളുപ്പമാക്കുന്ന വേദിക-ഗണിതത്തിലെ വിവിധ മാർഗങ്ങൾ ഈ സെഷനിലൂടെ പങ്കുവെക്കപ്പെട്ടു.

ഇരു പരിപാടികളും കുട്ടികൾക്കും അധ്യാപകർക്കും ഏറെ ഉപകാരപ്പെട്ടു. സ്റ്റാർട്ടിന്റെ വിദ്യാഭ്യാസ ദൗത്യബോധത്തിന്റെ ഭാഗ മായാണ് ഇവ വിജയകരമായി സംഘടിപ്പിച്ചത്.

0495-2357843, 9037107843, 9744458111,

www.startindia.org, startcalicut22@gmail.com

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**

ഡയറക്ടർ, സ്റ്റാർട്ട്

## ബഥാനിയ ധ്യാനകേന്ദ്രം

*'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു'*
*(1 പത്രോസ് 2, 24)*

### ധ്യാനങ്ങൾ

ഈ മാസം 13 മുതൽ 16 വരെ ദിവസങ്ങളിലും 23 മുതൽ 26 വരെ ദിവസങ്ങളിലും ജീവിതവിശുദ്ധീകരണ ധ്യാനങ്ങൾ നടത്തപ്പെട്ടു. രണ്ടു ധ്യാനങ്ങളിലും ധാരാളം ആളുകൾ പങ്കെടുത്തു. ജീവിതവിശുദ്ധീകരണ ധ്യാനം ഡയറക്ടർ ഫാ. റോണി പോൾ കാവിൽ നയിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ധ്യാനദിവസങ്ങളിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

### ഏകദിന കൺവെൻഷൻ

മെയ് മാസം എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. ജൂൺ മാസത്തിലെ ആദ്യ വെള്ളിയാഴ്ച

കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർഥനയും ഉണ്ടായിരുന്നു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി.

മെയ് മാസം രണ്ടാം തീയതി ആദ്യ വെള്ളിയാഴ്ച ആവേ മരിയ ഹാളിൽ നടന്ന ഏകദിന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്.

രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചന സന്ദേശം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വിശുദ്ധ കുർബാന ഉണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു. അഖണ്ഡജപമാല ദിവസങ്ങളിൽ ഞായറാഴ്ച ഒഴികെ എല്ലാദിവസവും (3 വിശുദ്ധ കുർബാനകൾ) രാവിലെ 6 മണിക്കും, ഉച്ചയ്ക്ക് 12 മണിക്കും, വൈകുന്നേരം 7 മണിക്കും വിശുദ്ധ കുർബാനകൾ ഉണ്ടായിരിക്കുന്നതാണ്.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥപ്രാർഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

| | | |
|---|---|---|
| 4 ആദ്യവെള്ളി | – | ഏകദിന കൺവെൻഷൻ |
| 6 ഞായർ | – | താമരശ്ശേരി രൂപത വൈദികരുടെ ധ്യാനം (6–11) |
| 11 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 12 ശനി | – | എയ്ഞ്ചൽസ് മീറ്റ് |
| 17 വ്യാഴം | – | അഖണ്ഡജപമാല സമർപ്പണം ആരംഭം |
| 18 വെള്ളി | – | ഏകദിന കൺവെൻഷൻ മീറ്റ് |
| 25 വെള്ളി | – | ഏകദിന കൺവെൻഷൻ,<br>ജീവിതവിശുദ്ധീകരണ ധ്യാനം (25–28) |

**ഫാ. റോണി പോൾ കാവിൽ**

ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

## ജനറൽ ബോഡിയും, പഠനസഹായ വിതരണവും

സി. ഒ. ഡിയുടെ കീഴിലുള്ള കോടഞ്ചേരി ഗ്രാമവികസന സമിതിയുടെ 24-ാമത് വാർഷികത്തിനോടനുബന്ധിച്ച് കുട്ടികൾക്ക് പഠനോപകരണവും, ഫുൾ എ പ്ലസ് കിട്ടിയ കുട്ടികൾക്ക് ക്യാഷ് അവാർഡും, ഗ്രാമത്തിലെ കർഷകർക്കായി ഗ്രോബാഗ്, പച്ചക്കറി വിത്ത് എന്നിവയും വിതരണം ചെയ്തു. പ്രസ്തുത യോഗത്തിൽ സി. ഒ. ഡി ഡയറക്ടർ ഫാ.സായി പാറൻകുളങ്ങര ആമുഖ പ്രഭാഷണവും ഏരിയ കോർഡിനേറ്റർ ഷീജ ടോബി സ്വാഗതവും വാർഡ് മെമ്പർ സിസിലി കോട്ടുപ്പള്ളി, സി. ഒ. ഡി പ്രോഗ്രാം കോർഡിനേറ്റർ കെ. സി ജോയി, ജിവിഎസ് സെക്രട്ടറി ആലീസ് തോമസ് എന്നിവർ ആശംസകളും നേർന്നു. സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ രശ്മി വി.എ ഫുൾ എ പ്ലസ് കിട്ടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് വിതരണവും, നിർധനരായ കുട്ടികൾക്ക് പഠനോപകരണ വിതരണവും നടത്തി. പരിപാടികൾക്ക് ഓഫീസ് സെക്രട്ടറി റ്റെസി ജോസ് നന്ദി പറഞ്ഞു

തിരുവമ്പാടി ഗ്രാമവികസന സമിതിയുടെ 23 -ാമത് വാർഷികം ആനക്കാംപൊയിൽ സെന്റ് മേരിസ് പാരിഷ്ഹാളിൽ വച്ച് ആഘോഷിച്ചു. ഈ വാർഷികയോഗത്തിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. അഗസ്റ്റിൻ പാറ്റാനി നിർവഹിച്ചു. ജിവിഎസ് പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ അദ്ധ്യക്ഷത വഹിച്ചു. തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. രാജു അമ്പലത്തിങ്കൽ, ഒന്നാം വാർഡ് മെമ്പർ മഞ്ജു ഷിബിൻ, സി. ഒ. ഡി കോർഡിനേറ്റർ ജോയി കെ. സി എന്നിവർ ആശംസകൾ അർപ്പിച്ചു. ജിവിഎസ് സെക്രട്ടറി ലീലാമ്മ ജോർജ് ജി വി എസ് റിപ്പോർട്ട് അവതരിപ്പിച്ചു. നിർധനരായ കുട്ടികൾക്ക് പഠനോപ കരണങ്ങൾ വിതരണം ചെയ്തു. 25 വർഷമായി ഏറ്റവും നല്ല സംഘങ്ങൾക്ക് മൊമെന്റോ വിതരണവും, ഏറ്റവും പ്രായം കൂടിയ അംഗങ്ങളെ പൊന്നാടാ അണിയിക്കുകയും ചെയ്തു. സംഘങ്ങൾക്ക് ലാഭവിഹിതം വിതരണം ചെയ്തു. സി. ഒ. ഡി കോർഡിനേറ്റർ റെനി സാബു സ്വാഗതം പറഞ്ഞു. ശ്രീമതി മേരി ജോയി നന്ദി പറഞ്ഞു.

വെറ്റിലപ്പാറ ജിവിഎസ് ജനറൽ ബോഡി യോഗം നടത്തി. സി. ഒ. ഡി ഏരിയ കോർഡിനേറ്റർ ഷൈനി സ്വാഗതം ആശംസിച്ചു. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് മെമ്പർ ദീപ രജിദാസ് അദ്ധ്യക്ഷത വഹിച്ചു. സി.ഒ.ഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര ഉദ്ഘാടനം നടത്തി. സി.ഒ.ഡി പ്രോഗ്രാം കോഡിനേറ്റർ ജോയി കെ. സി ആശംസ അർപ്പിച്ചു. എസ്. എസ്. എൽ. സി ഫുൾ എ പ്ലസ് കിട്ടിയ കുട്ടികളെ ആദരിച്ചു. പാവപ്പെട്ട കുട്ടികൾക്ക് സ്കൂൾ

ബാഗ് വിതരണം നടത്തി. പച്ചക്കറി വിത്ത്, ഗ്രോബാഗ് എന്നിവ വിതരണം നടത്തി. മേഴ്സി ജെയിംസ് നന്ദി പറഞ്ഞു.

കൂരാച്ചുണ്ട്-കായണ്ണ ഗ്രാമവികസന സമിതികളുടെ ജനറൽ ബോഡി യോഗം സംയുക്തമായി നടത്തി. സി.ഒ.ഡി ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. കൂരാച്ചുണ്ട് ജിവിഎസ് പ്രസിഡണ്ട് സിനി ഐസക്ക് അദ്ധ്യക്ഷത വഹിച്ചു. കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന വികാരി ഫാ. വിൻസന്റ് കണ്ടത്തിൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ ജിവിഎസിന്റെ വാർഷിക റിപ്പോർട്ട് മേരി അഗസ്റ്റ്യൻ അവതരിപ്പിച്ചു. സി. ഒ. ഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര മുഖ്യ പ്രഭാഷണം നടത്തി. സംഘാംഗങ്ങളുടെ മക്കൾക്ക് എസ്. എസ്. എൽ. സി - +2 ഫുൾ എ പ്ലസ് കിട്ടിയ കുട്ടികൾകുള്ള ക്യാഷ് അവാർഡ് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വിൻസി തോമസ് വിതരണോദ്ഘാടനം നടത്തി. സി.ഒ.ഡി പ്രോഗ്രാം കോ. ഓർഡിനേറ്റർ ജോയി കെ.സി - കായണ്ണ ജിവിഎസ് പ്രസിഡണ്ട് ധന്യ കൃഷ്ണകുമാർ, കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ ഡാർളി അബ്രാഹം എന്നിവർ ആശംസകൾ അർപ്പിച്ചു. സി.ഒ.ഡി സംഘ ങ്ങളിലെ ഏറ്റവും പ്രായം കൂടിയ ജോസഫ് ഇളംപ്ലാശ്ശരി യേയും കൂരാച്ചുണ്ടിന്റെ അഭിമാനമായ കവിയത്രി റോസമ്മ നെടിയ പാലയ്ക്കലിനേയും പൊന്നാടയണിയിച്ച് ആദരിച്ചു. സംഘത്തിലെ അംഗങ്ങൾക്ക് ലാഭവിഹിതം നല്കി. പച്ചക്കറി വിത്ത്, ഗ്രോബാഗ് എന്നിവ വിതരണം ചെയ്തു. ടോം അലക്സ് നന്ദി പറഞ്ഞു.

### ആശാകിരണം പദ്ധതി

കോടഞ്ചേരി ജി.വി.എസ് പ്രസിഡന്റ് കെ. സി റോസമ്മയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ ആശാകിരൺ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ഗർഭാശയ ക്യാൻസറിനെ കുറിച്ച് ക്ലാസ്സുകൾ ഡോ. ശങ്കർ അയ്യർ ദാസ്, ബിബിൻ വാസുദേവൻ എന്നിവർ നയിച്ചു.

തോട്ടുമുക്കം ഇടവകയുമായി സഹകരിച്ചു ആശാകിരണം പദ്ധതിയുടെ ഭാഗമായി അമ്മമാർക്കുവേണ്ടി കാൻസർ ബോധ വത്കരണ സെമിനാർ സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. ബെന്നി കാരക്കാട്ട് ഉദ്ഘാടനം ചെയ്തു. സി. ഒ. ഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര മുഖ്യ പ്രഭാഷണം നടത്തി. ബിബിൻ വാസുദേവൻ ക്ലാസ് നയിച്ചു. സി. ഒ. ഡി സ്റ്റാഫ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

### പരിസ്ഥിതി ദിനാചരണം

ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണം നടത്തി. അതിന്റെ ഭാഗമായി ഓഫീസിലും, സ്വയംസഹായ സംഘങ്ങൾ, MCC തലം എന്നിവിടങ്ങളിൽ വൃക്ഷതൈ വിതരണം, പരിസര

ശുചീകരണം, ബോധവത്കരണ സെമിനാർ എന്നിവ സംഘടിപ്പിച്ചു. കൂടാതെ ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

### യാത്രയയപ്പു നല്കി

സ്ഥലം മാറിപ്പോകുന്ന താമരശ്ശേരി കാനറാ ബാങ്ക് AEO അമൃത അരുണിന് സി. ഒ. ഡി കുടുംബം മാസാന്ത്യ മീറ്റിംഗിൽ വച്ച് യാത്രയയപ്പു ചടങ്ങുനടത്തി. സി. ഒ. ഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര മൊമെന്റോ നല്കി ആദരിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയി കെ.സി ഗിഫ്റ്റ് നല്കി. തുടർന്ന് മാഡം സി. ഒ. ഡി യുടെ സഹായത്തിന് നന്ദി പറഞ്ഞു. കാർഷിക ലോണുമായി ബന്ധപ്പെട്ട് സി. ഒ. ഡി യുടെ പങ്കാണ് വലുതെന്നു AEO വിലയിരുത്തി.

### വിലങ്ങാട് പുനഃരധിവാസം

നിലവിൽ കെ. സി. ബി. സിയുമായി സഹകരിച്ചു 41 വീടുകൾ നിർമ്മാണം നടന്നുവരുന്നു. 3 വീടുകളുടെ പണി പൂർത്തിയായി വെഞ്ചരിപ്പ് കർമ്മം നടത്തി താക്കോൽ കൈമാറി. സി. ഒ. ഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, പ്രോജക്ട് കോർഡിനേറ്റർ സിദ്ധാർത്ഥ് എസ്. നാഥ് എന്നിവരുടെ നേതൃത്വത്തിൽ നല്ല രീതിയിൽ പുനഃരധിവാസ പ്രവർത്തനം നടന്നു വരുന്നു. KSSF, CARITAS INDIA ടീം സ്ഥലം സന്ദർശിക്കുകയും ചെയ്തു.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### സ്പോട്ട് അഡ്മിഷൻ

കർണാടകയിലെ വിവിധ കോളേജുകളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ബിഷപ്പ്സ് ഹൗസിനോട് ചേർന്നുള്ള അൽഫോൻസാ ട്രെയിനിങ് ഹാളിൽവച്ച് സ്പോട്ട് അഡ്മിഷൻ നടത്തി. നൂറിൽ അധികം വിദ്യാർത്ഥികൾ മൂന്ന് ദിവസങ്ങളിലായി നടന്ന സ്പോട്ട് അഡ്മിഷനിൽ പങ്കുചേർന്നു.

### ഓഫീസ് വിസിറ്റ്

ഖലെ മെഡിക്കൽ കോളേജ്, അപ്പോളോ കോളേജ്, കാവേരി കോളേജ്, രാജീവ് കോളേജ്, സുബയ്യ മെഡിക്കൽ കോളേജ്, ആദർശ കോളേജ്, എ. ജെ മെഡിക്കൽ കോളേജ് യെനെപോയ മെഡിക്കൽ കോളേജ് തുടങ്ങിയ കോളേജുകളിലെ മാനേജ്മെന്റ് ഒഫീഷ്യൽസ് ഓഫീസ് സന്ദർശിച്ചു.

### കരിയർ കൗൺസിലിംഗ്

400 ൽ അധികം വിദ്യാർത്ഥികൾക്കും പേരെന്റ്സിനുമായി ഓഫ് ലൈൻ ഓൺലൈൻ കരിയർ കൗൺസിലിംഗ് നടത്തി.

കർണാടകയിലേക്ക് എൽഡിഎസ് വഴി ബിഎസ്സി നേഴ്സിങ്, ജനറൽ നഴ്സിംഗ്, പോസ്റ്റ് ബിഎസ്സി, തുടങ്ങിയ കോഴ്സുകൾക്ക് അഡ്മിഷൻ എടുക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. contact no: 9447929223

**ട്രെയിനിങ് പ്രോഗ്രാം**

വെനെറിനി ഹയർ സെക്കൻഡറി സ്കൂൾ കരിങ്കല്ലായി, സെന്റ് ജോസഫ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ മേപ്പാടി, ഇൻഫന്റ് മേരീസ് സ്കൂൾ വൈത്തിരി തുടങ്ങിയ സ്കൂളുകളിലെ അധ്യാപ കർക്കായി ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാം നടത്തി. തോട്ടുമുക്കം സെന്റ് തോമസ് ദേവാലയത്തിൽ വച്ച് അമ്മമാർക്കായി മദേഴ്സ് ഈവ് എന്ന പ്രോഗ്രാമും പിതാക്കന്മാർക്കായി ഫാദേഴ്സ് ഈവ് എന്ന പ്രോഗ്രാം നടത്തി.

## തീർത്ഥയാത്രകൾ

താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിലേക്ക് കുറഞ്ഞ നിരക്കിൽ തീർത്ഥയാത്രകൾ സംഘടിപ്പിക്കുന്നു. വർഷത്തിൽ ഏപ്രിൽ, മെയ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് യാത്രകൾ നടത്തുന്നത്. ടൂർ മാനേജർമാർ, പരിചയ സമ്പന്നരായ ഗൈഡുകൾ, യാത്രയ്ക്ക് മുമ്പ് ഒരുമിച്ചുകൂടി ക്ലാസുകൾ എന്നീ സൗകര്യങ്ങൾ ഉണ്ടാകുന്നതാണ്.

9 രാജ്യങ്ങൾ സന്ദർശിക്കുവാനും മാർപാപ്പയെ കാണാൻ അവസരം ഒരുക്കുകയും ചെയ്യുന്ന യൂറോപ്പ് യാത്ര, യേശു ജനിച്ചു ജീവിച്ച നാടുകളിലൂടെയുള്ള വിശുദ്ധനാട് തീർത്ഥയാത്ര, ഡൽഹി- ആഗ്ര - അമൃത്സർ യാത്ര, ഗോവ യാത്ര തുടങ്ങിയവയാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന യാത്രകൾ.

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ യാത്രകളുടെ ബുക്കിങ്ങ് നടന്നുകൊണ്ടിരിക്കുന്നു. യാത്രകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ് ആപ്പ് നമ്പർ എന്നിവ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് അയച്ച് ബുക്ക് ചെയ്യുക. PH: 9544285018

**താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്**

നമ്പർ. ഡി. 3378 Web: www.tafcos.com, Ph: 6282914112.

**ഗോൾഡ് ലോൺ**

ഉയർച്ചയുടെ പടവുകളിൽ മുന്നേറുകയാണ് TAFCOS. ലളിത വ്യവസ്ഥയിൽ

ഗോൾഡ് ലോൺ വിവിധ കാലയളവിൽ കുറഞ്ഞ പലിശക്ക് പരമാവധി തുക വായ്പ നൽകുന്നു.

**കൂടുതൽ പണം കൂടുതൽ വേഗത്തിൽ**

ചെറുകിട വ്യാപാരികൾക്കും കച്ചവടക്കാർക്കും ദിവസ - ആഴ്ച - മാസ തവണകളായി ചിട്ടിക്ക് സമാനമായ ഗ്രൂപ്പ് നിക്ഷേപ പദ്ധതികൾ. തവണ സംഖ്യ ഓൺലൈൻ ആയും കളക്ഷൻ ഏജന്റ് മുഖാന്തിരവും അടവാക്കാനുള്ള അവസരം ഉണ്ട്.

തൊഴിൽ അവസരം വർദ്ധിപ്പിക്കാനും മികച്ച വരുമാനം ഉണ്ടാക്കുന്നതിനും ഗ്രൂപ്പ് വായ്പകൾ ലളിത വ്യവസ്ഥയിൽ നൽകുന്നു.

## Institute of Food and Agricultural Ethics (IFAE)

ഭക്ഷ്യ-കാർഷിക ധാർമികതയെ സമർപ്പിതമായി പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനമാണ് ഇഫ (IFAE). താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. Ph:9946646205

**ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി:**

ഏറ്റവും മികച്ചതും, വിശ്വസ്തവുമായ ഫല വൃക്ഷങ്ങൾ, നാണ്യവിള തൈകൾ, അലങ്കാര ചെടികൾ, വിത്തുകൾ എന്നിവയും കുറഞ്ഞ വിലയിൽ മികച്ച നിലവാരമുള്ള ചെടിച്ചട്ടികൾ, ജൈവവളം, ജൈവകീടനാശിനികൾ, ഉപകരണങ്ങൾ എന്നിവ ഇവിടെ ലഭ്യമാണ്. ബിഷപ്പ് ഹൗസിനു സമീപം പ്രവർത്തിക്കുന്നു. Ph:9946646205

**ബയോഡൈവേഴ്സിറ്റി അഗ്രി ഫാം:**

ഇഫയുടെ നേതൃത്വത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ ഫാമിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

Kisan Bharath Web Portal: www.kisanbharath.com

ഇടനിലക്കാരില്ലാത്ത സൗജന്യ കാർഷിക ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം

Kisan Line : ടോൾഫ്രീ നമ്പർ:1800425377, സൗജന്യ കാർഷിക ഹെൽപ്പ് ലൈൻ, www.kisanline.com

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, സി.ഒ.ഡി

# യേശുനിധി

2025 മെയ് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയതുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Kodanchery | 10,000.00 |
| 2 | Manjumala | 10,000.00 |
| 3 | Manjumala | 10,000.00 |
| 4 | Thiruvambady | 15,000.00 |
| 5 | Thottumukkam | 10,000.00 |
| 6 | Vettilappara | 10,000.00 |
| 7 | Vettilappara | 8,000.00 |

## Home

| | | |
|---|---|---|
| 8 | Kakkadampoil | 5,000.00 |
| 9 | Kattullamala | 15,000.00 |
| 10 | Koomamkulam | 15,000.00 |
| 11 | Koomamkulam | 10,000.00 |
| 12 | Kuppayakode | 7,000.00 |
| 13 | Mailellampara | 15,000.00 |

## Marriage

| | | |
|---|---|---|
| 14 | Chakkittappara | 20,000.00 |
| 15 | Kuppayakode | 20,000.00 |
| 16 | Muthukad | 20,000.00 |

## Medical

| | | |
|---|---|---|
| 17 | Anackampoil | 8,000.00 |
| 18 | Kariyathumpara | 10,000.00 |
| 19 | Kattullamala | 15,000.00 |
| 20 | Kondotty | 10,000.00 |
| 21 | Muthukad | 10,000.00 |
| 22 | Passukadave | 10,000.00 |
| 23 | Pulloorampara | 10,000.00 |
| **Total** | | **2,73,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ജൂൺ**

01-02 കാനഡയിൽ സേവനം ചെയ്യുന്ന താമരശ്ശേരി രൂപത അംഗങ്ങളായ വൈദികരെ സന്ദർശിച്ചു.

02-04 പി. ഒ. സി. യിൽ നടന്ന കേരള കത്തോലിക്ക മെത്രാൻ സമിതി യോഗത്തിൽ സംബന്ധിച്ചു.

05 രാവിലെ, പുല്ലാഞ്ഞിമേട് യേശുഭവനിൽ, എം.എസ്.ജെ. സന്യാസ സമൂഹാംഗം, പരേതയായ സി. ജെമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സെമിത്തേരിയിൽ കാർമ്മി കത്വം വഹിച്ചു

വൈകുന്നേരം, താമരശ്ശേരി രൂപത മൈനർ സെമിനാരിയിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നട്ടു.

07 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും, കഴിഞ്ഞ ഒരു വർഷം മുഴുവനും വി. കുർബാന യിൽ മുടങ്ങാതെ പങ്കെടുത്ത 28 കുട്ടികളെ ആദരിക്കുകയും അവർക്ക് സൈക്കിളുകൾ സമ്മാനമായി നൽകുകയും ചെയ്തു.

പാത്തിപ്പാറ ഇടവകയിൽ നൂറ് വയസ്സ് പൂർത്തിയായ മംഗളാകുന്നേൽ ചാക്കോയെ ഭവനത്തിൽ ചെന്ന് ജന്മദിനാശംസകൾ നേർന്നു.

രൂപതാഭവനിലെ ജോൺ പോൾ രണ്ടാമൻ ഓഡിറ്റോറി യത്തിൽ വിശ്വാസപരിശീലന രംഗത്ത് 25, 40 വർഷങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ആദരവും ഉന്നത വിജയം നേടിയ കുട്ടികൾക്കുള്ള അവാർഡ് വിതരണവും പ്രധാനാദ്ധ്യാപക സംഗമവും ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ താമരശ്ശേരി രൂപത ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിച്ചു.

08 രാവിലെ, കുളിരാമുട്ടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ദിവീന മിസരിക്കോർദിയ ഇന്റർനാഷണൽ മിനിസ്ട്രി സംഘടിപ്പിച്ച പ്രെയ്സ് ആന്റ് വർഷിപ്പിൽ ഓൺലൈനായി വചനസന്ദേശം നൽകി.

09 രാവിലെ, പുഷ്പഗിരി ഇടവകയിൽ എം.എസ്.ജെ. സന്യാസിനി സമൂഹത്തിന്റെ പുതിയ മഠം വെഞ്ചരിക്കുകയും കപ്പേള കൂദാശ ചെയ്യുകയും ചെയ്തു.

പ്രസന്റേഷൻ സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി. ജിസ മരിയ ഡി.പി.എം.റ്റി. യെ രൂപതാഭവനിൽ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ്, കോരങ്ങാട് അൽഫോൻസ സ്കൂളിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് പേട്രൻസ് സ്കോളർഷിപ്പ് അവാർഡുകൾ നല്കുകയും പുതിയ അദ്ധ്യായന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

10 രാവിലെ, രൂപതാഭവനിൽ ചേർന്ന വൈദിക സമിതി സമ്മേളന ത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, കക്കാടംപൊയിലിൽ പുതുതായി നിർമ്മിക്കുന്ന സെന്റ് ജോർജ്ജ് ക്ലർജി ഹോമിന് തറക്കല്ലിട്ടു.

11 രാവിലെ, കത്തീഡ്രൽ ഇടവകയിൽ താമരശ്ശേരി രൂപതയുടെ പ്രഥമ ഇടയൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 31-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

കത്തീഡ്രൽ ഇടവകയിൽ മറിയക്കുട്ടി മണിയംകല്ലേലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ്, ചെലവൂർ സി.എസ്.റ്റി. പ്രവിശ്യാഭവൻ കപ്പേളയിൽ പരേതനായ ഫാ. അലോഷ്യസ് കൊണ്ടുകാലാ യിൽ സി.എസ്.റ്റി. ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വെറ്റിലപ്പാറ ഇടവകയിൽ, പരേതയായ റോസമ്മ കൊല്ലേരി ത്താഴത്തിനുവേണ്ടി ഭവനത്തിൽചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ, നിരവധി വർഷങ്ങളായി മേരിക്കുന്ന് പ്രീസ്റ്റ് ഹോമിൽ സ്തുത്യർഹമായി സേവനം ചെയ്ത എസ്.ഡി. സന്യാസിനിമാർക്ക് യാത്രയയപ്പ് നൽകി.

12 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ നോവിഷ്യേറ്റ് ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

കപ്പൂച്ചിൻ സന്യാസ സമൂഹം, പാവനാത്മ പ്രൊവിൻഷ്യാൾ ഫാ. വിനോദ് മാങ്ങാട്ടിലിനെയും ടീമംഗങ്ങളേയും  രൂപതാ ഭവനിൽ സ്വീകരിച്ചു.

കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. സണ്ണി ജോസഫിനെയും ശ്രീ.റോജി ജോൺ എം.എൽ.എയും രൂപതാഭവനിൽ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ, താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി കേന്ദ്രസമിതിയുടെ യോഗത്തിൽ സംബന്ധിച്ചു.

13 രാവിലെ, പി.എം.ഒ.സി.യിൽ പ്രീകാനാ കോഴ്സിൽ സംബന്ധി ക്കുന്നവർക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും ക്ലാസ്സെടു ക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് ചാവറ കൾച്ചറൽ സെന്ററിൽ നടന്ന 'ഹെർമൻ ഗുണ്ടർട്ട് സ്മൃതി - കേരള പഴമ' ദേശീയ സെമിനാറി ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

14 രാവിലെ, പനംപ്ലാവ് ഇടവകയിൽ പരേതനായ ജോയി ചേനപ്പറമ്പിലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

താമരശ്ശേരി, വെഴുപ്പൂർ എം.എസ്.റ്റി. സാന്തോം ഭവനിൽ, താമരശ്ശേരി രൂപത വിശ്വാസപരിശീലനത്തിന്റെ പന്ത്രണ്ടാം ക്ലാസ്സിലെ അദ്ധ്യാപകരുടെ പഠനശിബിരം 'ഫെയ്ത്ത് മേറ്റ്സ്' ഉദ്ഘാടനം ചെയ്തു.

രൂപതാഭവൻ ജോൺ പോൾ ഓഡിറ്റോറിയത്തിൽ എഫ്.എസ്.റ്റി. സംഗമത്തിൽ പങ്കെടുക്കുന്ന സന്യാസിനി മാർക്കായി ക്ലാസ്സെടുത്ത് അവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, അൽഫോൻസ സെമിനാരി ഇൻഡോർ കോർട്ടിൽ, കെ.സി.വൈ.എം-എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 3 ഓൺ 3 ബാസ്ക്കറ്റ് ബോൾ മത്സരത്തിന്റെ വിജയകൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

പുല്ലുരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കായി വി. കുർബാന അർപ്പിച്ചു.

15 രാവിലെ, ഈങ്ങാപ്പുഴ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

തിരുവമ്പാടി ഇടവക ദൈവാലയത്തിൽ, മിഷനറി കോൺ ഗ്രിഗേഷൻ ഓഫ് ജീസസ് ആൻഡ് മേരി സന്യാസ സമൂഹാംഗം പരേതനായ ഫാ. ടോമി എട്ടിയിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, കോട്ടയം വടവാതൂർ അപ്പസ്തോലിക് സെമിനാരിയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി പരിശീലനം നേടുന്ന സഹോദര ന്മാരുമായും വൈദികരുമായും കൂടിക്കാഴ്ച നടത്തി.

16 രാവിലെ, കോട്ടയം വടവാതൂർ അപ്പസ്തോലിക് സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

കാഞ്ഞിരപ്പള്ളി രൂപതയിലെ പൊടിമറ്റം സെന്റ് മേരീസ് പാരീഷ് ഹാളിൽ ഇൻഫാം കേന്ദ്ര കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന കിസാൻ ജെംസ് എക്സലൻസ് അവാർഡ് ദാനചടങ്ങ് ഉദ്ഘാടനം ചെയ്തു.

17 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ പ്രവേശനം നേടിയ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികളുമായി കൂടി ക്കാഴ്ച നടത്തി.

ഈരൂട് ദൈവാലയത്തിൽ, പരേതനായ ഫാ. മാത്യു പുള്ളോലിക്കൽ അച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം, വാലില്ലാപ്പുഴ ഇടവകയിൽ പരേതയായ നാഗപറമ്പിൽ മേരിക്കുട്ടിയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 രാവിലെ, ചാവറ ഹോസ്പിറ്റൽ സി.എം.സി. സന്യാസിനി ഭവനത്തിൽ വി. കുർബാന അർപ്പിച്ചു.

വേനപ്പാറ ഹയർ സെക്കണ്ടറി സ്കൂളിൽ 2024-25 വർഷത്തിൽ 10, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് സമ്മാന ങ്ങൾ വിതരണം ചെയ്തു.

ഉച്ചകഴിഞ്ഞ്, പി.എം.ഒ.സി.യിൽ കൂടിയ താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ മീറ്റിങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

19 രാവിലെ, പരി. കുർബ്ബാനയുടെ തിരുനാളിനോടനുബന്ധിച്ച് താമരശ്ശേരി ആരാധന സന്യാസിനി പ്രവിശ്യാഭവൻ കപ്പേള യിൽ വി. കുർബാന അർപ്പിച്ചു.

20 വൈകുന്നേരം, പുതുപ്പാടി സെന്റ് ഫിലിപ്പ് നേരി ജനറലേറ്റിൽ മാസധ്യാനത്തിന് നേതൃത്വം നൽകി.

21 രാവിലെ, എൻ.ഐ.റ്റി. കട്ടാങ്കൽ ഇടവക ദൈവാലയത്തിൽ ഏതാനും കുട്ടികൾക്ക് ആഘോഷപൂർവ്വകമായ വി.കുർബാ നയും സ്ഥൈര്യലേപനവും നൽകി.

ഉച്ചയ്ക്ക്, വള്ളിയാട് ഇടവകയിൽ പരേതനായ അരഞ്ഞാണി ഓലിക്കൽ അബ്രഹത്തിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ഭവനത്തിൽ നടന്ന ശുശ്രൂഷകളിൽ സംബന്ധിച്ചു.

22 മഞ്ഞക്കടവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

25 ഉച്ചകഴിഞ്ഞ്, തോട്ടുമുക്കം ഇടവകയിൽ, ബഹു. സി. ദീപ്തി സി.എം.സി.യുടെ പരേതയായ മാതാവ് തറപ്പുതൊട്ടിയിൽ മറിയത്തിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

26 രാവിലെ, സാന്ത്വന ഡി അഡിഷൻ ഭവന കപ്പേളയിൽ, ഈശോയുടെ തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

രാവിലെ, ചാവറ ഹോസ്പിറ്റലിൽ, ബഹു. ജോർജ് മുണ്ടനാട്ട് അച്ചന്റെ പരേതയായ മാതാവ് റോസമ്മ മുണ്ടനാട്ടിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.


തിരുവമ്പാടി ഇടവക, പരേതയായ കുന്നത്ത് മേരിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

നവീകരിച്ച വിളക്കാംതോട് എം.എ.എം. എൽപി, യു.പി. സ്കൂളുകൾ വെഞ്ചരിച്ചു.

തിരുവമ്പാടി അൽഫോൻസ കോളേജിൽ നടന്ന ബിരുദദാന ചടങ്ങിൽ ആദ്ധ്യക്ഷം വഹിച്ച് സർട്ടിഫിക്കറ്റുകൾ കൈമാറി.

ഉച്ചകഴിഞ്ഞ്, കൂരാച്ചുണ്ട് ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന വ്യക്തിത്വവികസന ക്ലബ്ബിന്റെ രൂപതാതല പ്രവർത്തന ഉദ്ഘാടനവും കഴിഞ്ഞ വർഷത്തെ മികച്ച ക്ലബ്ബുകൾക്ക് അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.





# POPE LEO XIV

## GENERAL AUDIENCE

## - 18 JUNE 2025 (*Abstracted Version)*



Let us continue to contemplate Jesus who heals. In a particular way, I would like to invite you to think about the situations in which we feel "blocked" and stuck in a dead end. At times, in fact, it seems to be pointless to continue to hope; we become resigned and no longer have the desire to fight. This situation is described in the Gospels with the image of paralysis. This is why today I would like to dwell on the healing of a paralytic, narrated in the fifth chapter of the Gospel of Saint John (5:1-9).

Jesus specifically addresses a man who has been paralyzed for some thirty-eight years. By now he is resigned, because he never manages to immerse himself in the pool when the water stirs (cf. v. 7). In effect, what paralyzes us, very often, is disappointment. We feel discouraged and risk falling into apathy.

Jesus helps him to discover that his life is also in his hands. He invites him to get up, to raise himself up from his chronic situation, and to take his stretcher (cf. v. 8). That mat is not to be left or thrown away: it represents his past of sickness, his history. Until that moment, the past had blocked him; it had forced him to lie like a dead man. Now it is he who can take that mat and carry it wherever he wishes: he can decide what to make of his history! It is a matter of walking, taking responsibility for choosing what road to take. And this is thanks to Jesus!

THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-06-2025 |




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, Issue 07, July 2025, Pages 80.